കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാണിയംകുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
നം.കെ.എസ്.എ.പി.കെ.ഡി.പി16-1579/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/10/2025
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാണിയംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി.പി16-1579/25

തീയ്യതി: 30/10/2025

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-08-2024 മുതൽ 09-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു.പി.	ഡെപ്യൂട്ടി ഡയറക്ടർ	10-09-2025	19-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-09-2025	19-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുജാത.പി -ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി രാജിഷ.ആർ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഷീജ.വി.ആർ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സന്ദീപ്.കെ.വി -ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ കെ. ഗംഗാധരൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ എ.കെ വിനോദ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മാലിനി. കെ	അസി. എഞ്ചിനീയർ	01-04-2024	18-09-2024
ശ്രീമതി.ശാന്ത.എം.കെ	അസി. എഞ്ചിനീയർ	19-09-2024	31-03-2025
ശ്രീമതി ബിന്ദു. ആർ	അസി. സെക്രട്ടറി	01-04-2024	23-09-2024
ശ്രീ,സുരേഷ്.പി.ടി	അസി. സെക്രട്ടറി In-Charge	24-09-2024	24-10-2024
ശ്രീമതി.റജീന.കെ	അസി. സെക്രട്ടറി In-Charge	25-10-2024	23-12-2024
ശ്രീ,സുരേഷ്.പി.ടി	അസി. സെക്രട്ടറി In-Charge	24-12-2024	31-03-2025
ഡോ. അഞ്ജന. ബി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീ അമൽ. എസ്.ആർ	വി.ഇ.ഒ 1	01-04-2024	07-11-2024
ശ്രീമതി.ടെൽമ.പി.പി	വി.ഇ.ഒ 1	08-11-2024	31-03-2025
ശ്രീമതി .സായ് പാർവ്വതി	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. നീത കെ. നായർ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ.സമീർബാബു	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2024	03-10-2024
ഡോ.രേണു.എസ്.ആർ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	04-10-2024	30-01-2025
ഡോ.ദൃശ്യദാസ്.വി	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	31-01-2025	31-03-2025
ഡോ.ശ്രീഹരി. ആർ	മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി	01-04-2024	02-08-2024
ഡോ.അഖില.കെ	മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി	03-08-2024	31-03-2025
ശ്രീമതി .നിർമ്മല ഡി.പി	ഹെഡ് മിസ്ട്രസ്സ്, ജി.എച്ച്എസ്,കൂനത്തറ	01-04-2024	31-03-2025
ശ്രീമതി. ജസ്ല എം	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	29-04-2024
ശ്രീമതി.ബയാനബീവി.ഒ.എം.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	30-04-2024	31-03-2025
ശ്രീമതി.പ്രസന്ന.ടി.കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	24-03-2025
ശ്രീമതി.ശ്രീലത.വി.പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	25-03-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത	1-1-1
3	സിഎഫ്സി ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി	1-1-2
4	ഹെൽത്ത് ഗ്രാന്റ് --Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres-ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി	1-1-3
5	ഹെൽത്ത് ഗ്രാന്റ് - Health Grant Towards Support For Diagnostic Infrastructure To The PHCs-ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി	1-1-4
6	അഡ്വാൻസ് രജിസ്റ്റർ -മുഴുവൻ വിവരങ്ങളും ചേർത്ത് കാലികമാക്കിയിട്ടില്ല	1-1-5
7	ഡെപ്പോസിറ്റ് തുകകൾ -AFS, രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല	1-1-6
8	MGNREGS -AFS, രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-7
9	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പു പദ്ധതി	1-6
15	ക്ഷേമപദ്ധതികൾ	1-7
16	ക്യാഷ് പരിശോധന	1-8
17	ആഭ്യന്തരനിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-11
20	തൊഴിൽ നികുതി വരവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ	1-12
21	ബിൽഡിംഗ് പെർമിറ്റ് ഫീ കുറവായി ഈടാക്കിയത് സംബന്ധിച്ച്	1-13
22	അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് വസ്തു നികുതി ഈടാക്കിയിട്ടില്ല	1-14
23	പ്രതിമാസ പൊരുത്തപ്പെടുത്തൽ - അപാകതകൾ	1-15
24	വാടക വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-16
25	സകർമ്മയിൽ യോഗമിനുട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല-	1-17
26	പ്രൊജക്ട് ആവിഷ്കരിക്കാതെ തനതുഫണ്ടിൽ നിന്ന് തുക ചെലവു ചെയ്തു	1-18
27	പേയ്മെന്റ് വൗച്ചറാക്കുന്നതിൽ കാല താമസം,ചെക്ക് തുകയും പിൻവലിച്ച തുകയും തമ്മിലുള്ള വ്യത്യാസം അപാകതകൾ പരിഹരിക്കേണ്ടതാണ്	1-19
28	തനതു ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല	1-20
29	ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയിട്ടില്ല	1-21
30	എ ബി സി പ്രോഗ്രാം പ്രവൃത്തി പൂർത്തികരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല	1-22
31	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്ക് നിയമാനുസൃത വിഹിതം അനുവദിച്ചില്ല-	1-23

32	അങ്കണവാടികളിലേക്ക് വാട്ടർ പ്യൂരിഫൈയർ വാങ്ങിയത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല	1-24
33	പകൽ വീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല	1-25
34	പദ്ധതിയ്ക്കായി ചെലവഴിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നില്ല	1-26
35	പത്രമാസിക വിതരണം – ചെലവ് സാധൂകരിക്കുന്ന രേഖകൾ ഇല്ല -	1-27
36	മരാമത്ത് പ്രവൃത്തികൾ -അവലോകനം	1-28
37	ചെറുകാട്ടുപുലം സബ്സെന്റർ മെയിന്റനൻസ്-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്	1-29
38	എ.ഇ. ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ-ഇൻകം ടാക്സ് ഈടാക്കിയില്ല	1-30-1
39	എ.ഇ.ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ -അധികം തുക നൽകി	1-30-2
40	എഇ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ-സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല	1-30
41	ജനകീയാസൂത്രണം-രജത ജൂബിലി കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്	1-31
42	എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല	1-32
43	പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല	1-33
44	മരാമത്ത് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന് ഇന്റർലോക്ക് കട്ടവിരിക്കുമ്പോൾ കട്ടയുടെ (Precast Concrete Paver Blocks) ഗുണമേന്മ ഉറപ്പു വരുത്തുന്നില്ല.	1-34
45	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം	1-35
46	ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി -അവലോകനം	1-36
	ഭാഗം 2	
1	ബിൽഡിംഗ് പെർമിറ്റ് ഫീ കുറവായി ഈടാക്കിയത് മൂലം 9937 രൂപ നഷ്ടം-	2-1
	ഭാഗം 3	
1	എ.ഇ.ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ -അധികം തുക നൽകി	3-1
	ഭാഗം 4	
1	മെഡിസെപ്പ് പദ്ധതി	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ /വായ്പാ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക്-സംക്ഷിപ്തം-പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10.7.2025 തീയതിയിലെ 5/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18-7-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 30.10.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2119717 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 36501607 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 സിഎഫ്സി ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി

സിഎഫ്സി -അൺടൈഡ് വരവ് അലോട്ട്മെന്റ് -₹4688393+344905(Int.) =5033298. മുന്നിരിപ്പ് ₹1189042 ഉൾപ്പെടെ ആകെ വരവ് ₹6222340. ചെലവ് ₹3567482 ബാലൻസ് ₹2654858 ആണ് വരേണ്ടത് എന്നാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ബാലൻസ് ഷീറ്റ് B-4 പ്രകാരം ₹2185179 ആണ്. പൊരുത്തപ്പെടുന്നില്ല.

സിഎഫ്സി-ടൈഡ് &അൺടൈഡ് ആകെ -2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പ് ₹5274385 ആണ്. എന്നാൽ 2023-24 R&P Schedule 40-B, 2024-25 AFS R&P Schedule 40-A എന്നിവ പ്രകാരം മുന്നിരിപ്പ് ₹5280854. വ്യത്യാസം -₹6469. പൊരുത്തപ്പെടുന്നില്ല.

2024-25 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പ് ₹11114662 ആണ്. എന്നാൽ 2024-25 R&P Schedule 40-B, B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹11529049. വ്യത്യാസം -₹414387. പൊരുത്തപ്പെടുന്നില്ല.

1-1-3 ഹെൽത്ത് ഗ്രാന്റ് --Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres-ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി

Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres-മുന്നിരിപ്പ് ₹7636, തൻവർഷ വരവ് ₹683807 ആകെ ₹691443 ആണ്. ചെലവു പത്രിക പ്രകാരം ചെലവ് പ്രൊ.335/25-₹28429. എന്നാൽ I&E Statement I-6- ൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. 2024-25 AFS R&P Schedule 40-B, B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹663014. ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പ് ₹691443. പൊരുത്തപ്പെടുന്നില്ല.

1-1-4 ഹെൽത്ത് ഗ്രാന്റ് - Health Grant Towards Support For Diagnostic Infrastructure To The PHCs-ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി

Health Grant Towards Support For Diagnostic Infrastructure To The PHCs -മുന്നിരിപ്പ് ₹17357, തൻവർഷ വരവ് ₹445130 ആകെ ₹462487 ആണ്. ചെലവു പത്രിക പ്രകാരം ചെലവ് പ്രൊ.നം. 336/25-₹164750. എന്നാൽ I&E Statement I-6- ൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. 2024-25 AFS R&P Schedule 40-B, B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹297737. ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പ് ₹462487. പൊരുത്തപ്പെടുന്നില്ല.

1-1-5 അഡ്വാൻസ് രജിസ്റ്റർ -മുഴുവൻ വിവരങ്ങളും ചേർത്ത് കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് B-18 Loans, Advances And Deposits പ്രകാരം ₹4947087 ബാലൻസ് ഉണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ തുകകളുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-6 ഡെപ്പോസിറ്റ് തുകകൾ -AFS, രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല

AFS പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

	AFS പ്രകാരം-RP-33				രജിസ്റ്റർ പ്രകാരം			
	മുന്നിരിപ്പ്	ലഭിച്ചത്	തിരിച്ചു കൊടുത്തത്	നീക്കിയിരിപ്പ്	മുന്നിരിപ്പ്	ലഭിച്ചത്	തിരിച്ചു കൊടുത്തത്	നീക്കിയിരിപ്പ്

Suppliers SD	18175	---	27500	0	18175	25000	27500	0
Contractors EMD	2350	---	---	2350	45000	---	7500+35150 (Lapsed Deposit)	2350
Suppliers EMD	18600	47500	2500	63600	സംക്ഷിപ്തം എഴുതിയിട്ടില്ല			
Contractors Retention	121887	61410	56314	186529	121887	73799	68702	186529
Bidders SD	135500	---	---	135500	549500	---	---	135500
Rent Deposit	80543	193586	---	274129	80543	383007	---	274129

AFS പ്രകാരം ₹11553-Suppliers Retention, ₹86500-Election Deposit, ₹1000 -Road Cutting Deposit, ഇനത്തിൽ ബാലൻസ് ഉണ്ട്. എന്നാൽ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

AFS പ്രകാരം ₹5536-Deposit Received From Others ഇനത്തിൽ ബാലൻസ് ഉണ്ട്. എന്നാൽ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-7 MGNREGS -AFS, രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

എംജിഎൻആർഇജിഎസ്-വരവ് ചെലവ് നീക്കിയിരിപ്പ്, ഇഎഫ്എംഎസ് തുകകൾ -രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല

രജിസ്റ്റർ പ്രകാരം -മുന്നിരിപ്പ്-2531, വരവ്-1421744 ആകെ വരവ്-1424275 ചെലവ്-1210261 നീക്കിയിരിപ്പ്-214014 . ഇഎഫ്എംഎസ് -19830231

വാർഷിക ധനകാര്യ പത്രിക പ്രകാരം -മുന്നിരിപ്പ്-2531, വരവ്-1428643 ആകെ വരവ്-14311741 ചെലവ്-2993 നീക്കിയിരിപ്പ്-1428181 . ഇഎഫ്എംഎസ് -21040492-പൊരുത്തപ്പെടുന്നില്ല.

1-1-8 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation, B-11(E)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-2 ബജറ്റ്

09-02-2024 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

പരിഷ്കരിച്ച ബജറ്റ് 28-02-2025 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മുന്നിരിപ്പ്	₹54762240
വരവ്	₹280543001
ആകെ	₹335305241
ചെലവ്	₹323635765
നീക്കിയിരിപ്പ്	₹11669476

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹49050175.78
വരവ്	₹99899381.00
ആകെ	₹148949556.78
ചെലവ്	₹97779664.00
നീക്കിയിരിപ്പ്	₹51169892.78

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	27828000	27828000	24095788	3732212
വികസനഫണ്ട് എസ്.സി.പി	0	16328000	16328000	15101734	1226266
മെയിന്റനൻസ് ഗ്രാന്റ് റോഡ്	0	38716000	38716000	32164322	6551678
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	6073000	6073000	5799501	273499
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ബാങ്ക്*	1189042	4688393 +344905 (Int) =5033298	6222340	3567482	2654858*
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ട്രഷറി	0	10553	10553	0	10553
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക്	4085343	9825000	13910343	4980860	8929483*
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ട്രഷറി	0	698540	698540	0	698540

*സിഎഫ്സി -അൺടൈഡ് വരവ് അലോട്ട്മെന്റ് ₹4688393+344905(Int.) =5033298. മുന്നിരിപ്പ് ₹1189042 ഉൾപ്പെടെ ആകെ വരവ് ₹6222340. ചെലവ് ₹3567482 ബാലൻസ് ₹2654858 ആണ് വരേണ്ടത് എന്നാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ബാലൻസ് ഷീറ്റ് B-4 പ്രകാരം ₹2185179 ആണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/11.9.2025ന് ₹293972, ₹175000, ₹707(Bank Charges) എന്നീ ചെലവുകൾ ആകെ ₹469679 ബന്ധപ്പെട്ട ചെലവ് ഹെഡിൽ നിന്നും ചെയ്യാതെ 320200104 എന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തിയതിനാൽ ബാലൻസ് തുകയിൽ ₹469679 കുറവ് വന്നു എന്നും ഇതും ചെലവ് ഹെഡിൽ ഉൾപ്പെടുത്തേണ്ടതും 320200104 എന്ന ഹെഡിൽ നിന്നും കുറവ് ചെയ്യേണ്ടതുമാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ മൂന്ന് ചെലവുകളും യഥാർത്ഥ ചെലവായ ₹3567482യിൽ ഉൾപ്പെട്ടതാണ് എന്നും അധികമായി രേഖപ്പെടുത്തിയ ₹469679 ഈ വർഷം ജേർണൽ വരുത്തി ക്രമീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

CFC Tied & Untied ആകെ തുക -2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പ് ₹5274385 ആണ്. എന്നാൽ 2023-24 R&P Schedule 40-B, 2024-25 AFS R&P Schedule 40-A എന്നിവ പ്രകാരം മുന്നിരിപ്പ് ₹5280854. വ്യത്യാസം ₹6469. പൊരുത്തപ്പെടുന്നില്ല.

2024-25 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പ് ₹11114662 ആണ്. എന്നാൽ 2024-25 R&P Schedule 40-B, B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹11529049.

വ്യത്യാസം ₹414387. പൊരുത്തപ്പെടുന്നില്ല. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേന്ദ്രാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ശുചിത്വ മിഷൻ ഗ്രാന്റ്	10000	410324	420324	395324	25000
ICDS	1678393	2443605	4121998	654829	3467169
Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres	7636	682000+1807(Int) =683807	691443	28429	663014*
Health Grant Towards Support For Diagnostic Infrastructure To The PHCs	17357	435360+9770(Int) =445130	462487	**164750**	297737**

*Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres ചെലവു പത്രിക പ്രകാരം ചെലവ് പ്രൊ.335/25 ₹28429. എന്നാൽ I&E Statement I-6- ൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. 2024-25 AFS R&P Schedule 40-B, B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹663014. എന്നാൽ ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പ് ₹691443 തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/11.9.2025ന് 2024-25 വർഷത്തെ ചെലവ് ₹28429 I-6 Scheduleലേക്ക് മാറ്റാത്തതിനാൽ ആണ് ബാലൻസ് ഷീറ്റിൽ തുക ₹691443 തെറ്റായി രേഖപ്പെടുത്തിയതെന്നും 2025-26 വർഷത്തിൽ Prior Period Expense ആയി ഉൾപ്പെടുത്തി കണക്ക് ശരിയാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

** ചെലവു പത്രിക പ്രകാരം ചെലവ് പ്രൊ.നം. 336/25-₹164750. എന്നാൽ I&E Statement I-6- ൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. 2024-25 AFS R&P Schedule 40-B, B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹297737. ബാലൻസ് ഷീറ്റ് B-4 പ്രകാരം നീക്കിയിരിപ്പ് ₹462487തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/11.9.2025ന് 2024-25 വർഷത്തെ ചെലവ് ₹ 164750 I-6 Scheduleലേക്ക് മാറ്റാത്തതിനാൽ ആണ് ബാലൻസ് ഷീറ്റിൽ തുക ₹462487 തെറ്റായി രേഖപ്പെടുത്തിയതെന്നും 2025-26 വർഷത്തിൽ Prior Period Expense ആയി ഉൾപ്പെടുത്തി കണക്ക് ശരിയാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ. ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ്	2531	1421744	1424275	1210261	214014

എം.എൻ.ആർ. ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം	0	19830231	19830231	19830231	0
ആകെ	2531	0	21254506	21040492	214014

*എംജിഎൻആർഇജിഎസ്- രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

എംജിഎൻആർഇജിഎസ്-വരവ് ചെലവ് നീക്കിയിരിപ്പ്, ഇഎഫ്എംഎസ് തുകകൾ -രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം -മുന്നിരിപ്പ് ₹2531, വരവ്-₹1421744 ആകെ വരവ് ₹1424275 ചെലവ്-₹1210261 നീക്കിയിരിപ്പ് ₹214014 . ഇഎഫ്എംഎസ് ₹19830231

വാർഷിക ധനകാര്യ പത്രിക പ്രകാരം -മുന്നിരിപ്പ് ₹2531, വരവ് ₹1428643 ആകെ വരവ് ₹14311741 ചെലവ് ₹2993 നീക്കിയിരിപ്പ് ₹1428181. ഇഎഫ്എംഎസ് ₹21040492.

<u>സംസ്ഥാനാവിഷ്കൃതം</u>

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ലൈഫ് മിഷൻ(ജനറൽ)	3200000	1400000	4600000	1600000	3000000

പ്രത്യേകോദ്ദേശ്യ ഗ്രാന്റ്

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വാതിൽപ്പടി	7047	0	7047	0	7047
ഓർഗാനിക് ഫാമിംഗ്	41849	41849	41849	0	41849
ബഡ്സ് സ്ക്കൂൾ ആസ്തി വികസനം-കുടുംബശ്രീ മിഷൻ	0	300000	300000	0	300000
അഗതി രഹിത കേരളം-ജില്ലാ പഞ്ചായത്ത് വിഹിതം	30000	0	30000	30000	0
WGDP	9946	398	10344	0	10344
ലൈബ്രറി ഗ്രാന്റ്	184	13410	13594	13594	0
Epidemic Control	4726	187	4913	59	4854

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം

289	271767165	217	119568487	0	72	75.09

<u>വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	7	6	10029859	6863567	68.43
വി.ഇ.ഒ.	30	18	127968398	28859538	22.55
ഐ.സി.ഡി.എസ് സൂപ്പർവൈസർ	13	12	7297938	6461058	88.53
സെക്രട്ടറി	38	30	12813599	6865251	53.58
അസിസ്റ്റന്റ് എഞ്ചിനീയർ	155	112	97554733	59000705	60.48
മെഡിക്കൽ ഓഫീസർ-FHC	15	14	6201843	4469782	72.07
മെഡിക്കൽ ഓഫീസർ-ആയുർവേദം	5	5	1715149	1715149	100
മെഡിക്കൽ ഓഫീസർ-ഹോമിയോ	5	5	341646	308975	90.44
വെറ്ററിനറി സർജ്ജൻ	7	7	3120000	1263830	40.51
പ്രധാന അധ്യാപകൻ	8	3	1953050	1372000	70.25
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	1200000	1100000	91.67
അസിസ്റ്റന്റ് സെക്രട്ടറി	5	4	1570950	1288632	82.03
ആകെ	289	217	271767165	119568487	44

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

<u>1-6 തൊഴിലുറപ്പു പദ്ധതി</u>

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ. ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	2531	1421744	1424275	1210261	214014
എം.എൻ.ആർ. ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം	0	19830231	19830231	19830231	0
ആകെ	2531	0	21254506	21040492	214014

എംജിഎൻആർഇജിഎസ് -രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

എംജിഎൻആർഇജിഎസ്-വരവ് ചെലവ് നീക്കിയിരിപ്പ്, ഇഎഫ്എംഎസ് തുകകൾ -രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല

രജിസ്റ്റർ പ്രകാരം -മുന്നിരിപ്പ്-2531, വരവ്-1421744 ആകെ വരവ്-1424275 ചെലവ്-1210261 നീക്കിയിരിപ്പ്-214014 . ഇഎഫ്എംഎസ് -19830231

വാർഷിക ധനകാര്യ പത്രിക പ്രകാരം -മുന്നിരിപ്പ്-2531, വരവ്-1428643 ആകെ വരവ്-14311741 ചെലവ്-2993 നീക്കിയിരിപ്പ്-1428181 . ഇഎഫ്എംഎസ് -21040492.

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	7363200	451
2	വിധവാ പെൻഷൻ	21475100	1543
3	വാർദ്ധക്യകാല പെൻഷൻ	47128600	72
4	വികലാംഗ പെൻഷൻ	6026300	403
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	4637800	302

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-09-2025 തീയതിയിൽ 4.00 P.M. ന് സ്ഥാപനമേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1747/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെ-സ്മാർട്ട് നടപ്പിലാക്കിയിട്ടുണ്ട്.

2025 ഏപ്രിൽ മാസം മുതൽ ബാങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല. റീകൺസിലിയേഷൻ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാങ്ക് ബുക്കും പാസ് ബുക്കും തമ്മിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ചട്ടം 26(9) പ്രകാരം സെക്രട്ടറി തയ്യാറാക്കിയ മിനുട്ടിന്റ കരട് പ്രസിഡന്റിന് ലഭിച്ച് 24

മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ചു നൽകേണ്ടതും തുടർന്ന് സെക്രട്ടറി മിനുട്ട്സ് തയ്യാറാക്കേണ്ടതുമാണ്. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിട്ട്സുകൾ പൂർത്തീകരിക്കാത്തതായി കാണുന്നു. യോഗമിനുട്ട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

ഐഎസ്ഒ സർട്ടിഫിക്കേഷൻ 2026 ആഗസ്റ്റ് മാസം പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളിൽ ഫയൽ സൂക്ഷിപ്പ് കാര്യക്ഷമമല്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 30.9.2022 മുതൽ 19.10.2022വരെയുള്ള ഓഡിറ്റിൽ 1.4.2017 മുതൽ 31.8.2022 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 24.1.2022ന് നടന്ന ഓഡിറ്റിൽ നവംബർ 2022, ഡിസംബർ 2022 വരെയുള്ള മാസങ്ങളിലെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1-11 രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ് എന്നിവയിലെ പ്രധാന വ്യവസ്ഥകൾ പാലിക്കാതെയാണ് രസീതികൾ കൈകാര്യം ചെയ്യുന്നത്. വെറ്ററിനറി സർജൻ 05.11.2024, 13.12.25 ന് അനുവദിച്ചിട്ടുള്ള, 41406, 41407, 41409 നമ്പർ രസീതി ബുക്കിൽ കെ.ടി.സി വാള്യം1 ആർട്ടിക്കിൾ 90(എ) പ്രകാമുള്ള വ്യവസ്ഥകൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു.

വെറ്ററിനറി സർജൻ മുട്ടകോഴി വിതരണം എന്ന പ്രോജക്ടിന്റെ ഭാഗമായുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും മേൽ പറഞ്ഞ നമ്പർ പ്രകാരം അനുവദിച്ച രശീതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള ട്രഷറികോഡ് വോള്യം - 1 ആർട്ടിക്കിൾ 90(എ) പ്രകാരം രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് തുക അക്കത്തിലും അക്ഷരത്തിലും എഴുതേണ്ടതാണ്. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് തുക ഒടുക്കിയിട്ടുള്ള വ്യക്തിക്ക് നൽകേണ്ടതുമാണ്.

ക്രമ നം.	രസീതി ബുക്ക്	പേജ്	കുറിപ്പ്
1	41406	1 മുതൽ 28	ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല
2	41407	92 മുതൽ 100	ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല
3	41409	62 മുതൽ 64	ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല

വെറ്ററിനറി സർജൻ മേൽപ്പറഞ്ഞ രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയിട്ടില്ല. അതുകൊണ്ടുതന്നെ വ്യക്തികൾക്ക് നൽകിയ രസീതിയുടെ പകർപ്പിലുള്ള തുകയുടെ കൃത്യത ഉറപ്പിക്കുവാൻ സാധിച്ചിട്ടില്ല.
മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം 18/16.09.2025 ന്, അറിവില്ലായമ കൊണ്ടാണ് ഇത്തരത്തിൽ സംഭവിച്ചത് എന്നും ഭാവിയിൽ ഇതുപോലെ സംഭവിക്കാതെ ഇരിക്കാൻ ശ്രദ്ധിക്കാം എന്നും വെറ്ററിനറി സർജൻ മറുപടി നൽകി.

ഓഡിറ്റ് നിർദ്ദേശം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ലെ ചട്ടം 20(1) , കേരള ട്രഷറികോഡ് വോള്യം - 1 ആർട്ടിക്കിൾ 90(എ) എന്നീ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി വരവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് താമസിച്ചുകൊണ്ട് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, വാണിയംകുളം ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.

ക്രമ നം.	സ്ഥാപനം	നികുതി ഈടാക്കാനുള്ള അർദ്ധ വർഷം
1.	വിഷ്ണു ഫർണീച്ചർ കോളനി വച്ചക്കാര കോളനി	2
2.	സി കെ വർക്ക് ഷോപ്പ്	2
3.	എം എസ് മാച്ച് വർക്ക്സ് മണിശ്ശേരി	2
4.	വുഡ്മാർക്കസ് ഇന്റീരിയോ കൂനത്തറ	2
5.	സുഭിക്ഷ ഹോട്ടൽ	2
6.	ലക്ഷ്മി കോക്കേഴ്സ്	2
7.	മലബാർ ഗ്രാനൈറ്റ്സ് & റോക്ക് ഷെൽ ഗ്രാനൈറ്റ്സ്	2
8.	ശ്രീ അയ്യപ്പ എന്റർപ്രൈസ്സ്	2
9.	വ്യാസ ഡിസൈനർ	2
10.	എസ് ആർ ടെക്കനോളജി പനയൂർ	2
11.	വിക്നോഷ് ഹോളോബ്രികസ് മനിശ്ശേരി	2
12.	ഉഷസ്സ് ആയുർവേദിക്ക് മനിശ്ശേരി	2
13.	അഗ്രോവിൻ പ്ലസ്	2
14.	ഡി കെ മാച്ച് വർക്കസ്	2
15.	മാന്നാനൂർ ബ്രാച്ച് പോസ്റ്റ് ഓഫീസ്	2
16.	കൈരളി ട്രേഡേഴസ്	2
17.	ചൈത്രം ഫുഡ്സ്	2
18.	ഇ കെ ആർ മിൽസ്	2
19.	കിഴക്കേതിൽ കർട്ടണ്സ് & സോഫ ഈസ്റ്റ് മണിശ്ശേരി	2
20.	കൊച്ച് പറമ്പിൽ മാച്ച് വർക്കേഴ്സ്	2
21.	അനക്സ്സ് ഇൻഡസ്ട്രീസ്	2
22.	ലക്ഷ്മി ഇൻസ്ട്രുമെന്റ്സ് കൂനത്തറ	2
23.	ഉദയ ബി ജി സെക്യൂരിറ്റി പ്രൈവറ്റ് ലിമിറ്റഡ്	2
24.	ദേവി കൃപ ഭാരത് ഗ്യാസ് ഏജൻസി	2
25.	വി പി എം സ്വീറ്റ്സ് & ബേക്കേഴ്സ് വാണിയംകുളം	2
26.	സി എം സ്റ്റോർസ്	2
27.	കെ എം വെജിട്ടബിൾസ് & ഫ്രൂടസ്	2
28.	കെ എം ട്രേഡേഴ്സ് വാണിയംകുളം	2
29.	കെ എം വെജിറ്റബിൾസ്	2
30.	കെ എം എച്ച് ഹൈപ്പർ മാർക്കറ്റ്	2
31.	കെ എം സ്റ്റോർസ്	2

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം - 23/17.09.25 ന് മറുപടിയായി രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല എന്ന് പരാമർശിച്ചിട്ടുള്ള 31 സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി അടവാക്കുന്നതിന് ഓർമ്മ കുറിപ്പ് രേഖാമൂലം അറിയിച്ച് തുക പിരിച്ചെടുക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
രജിസ്റ്ററിൽ ജീവനക്കാരുടെ പേര് എണ്ണം ശമ്പളം എന്നിവ രേഖപ്പെടുത്താതതുകൊണ്ട് കൃത്യമായി സ്ലാബ് ഏതാണെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ല. തൊഴിൽ നികുതി റിട്ടേൺസ്,

നികുതി ഈടാക്കിയ രസീതിയുടെ പകർപ്പ് എന്നിവ ഉൾപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1-13 ബിൽഡിംഗ് പെർമിറ്റ് ഫീ കുറവായി ഈടാക്കിയത് സംബന്ധിച്ച്

വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ ബിൽഡിഗ് പെർമിറ്റ് ഫയൽ പരിശോധിച്ചപ്പോൾ കെട്ടിട നിർമാണ പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. വിവരം ചുവടെ നൽകുന്നു.

സ.ഉ (കൈ) നം.97/2024/ത.സ്വ.ഭ.വ/തീയതി 30.07.2024 പ്രകാരം പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്. ഈടാക്കുമ്പോൾ കൂട്ടിച്ചേർക്കുന്ന പുതിയ നിർമ്മിതിക്ക് പ്രസ്തുത കെട്ടിടത്തിന്റെ പ്ലാനിൽ കാണിച്ചിട്ടുള്ള ആകെ നിർമ്മിത വിസ്തീർണത്തിന്റെ റേറ്റ് സ്ലാബ് -ൽ നിരക്ക് എടുത്ത് പെർമിറ്റ് ഫീ കണക്കാക്കേണ്ടതാണ്. എന്നാൽ താഴെ സൂചിപ്പിക്കുന്ന അപേക്ഷയിൽ നിന്നും പെർമിറ്റ് ഫീ കുറവായാണ് വാങ്ങിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പെർമിറ്റ് നമ്പർ/ പേര്	ആകെ വിസ്തീർണ്ണം (ച മീ)	പുതിയ നിർമ്മിതി വിസ്തീർണ്ണം (ച മീ)	പെർമിറ്റ് ഫീ		കുറവായ തുക
			ഈടാക്കിയത്	ഈടാ ക്കേണ്ടത്	
Sc4-25/1063/2025 വേണു ഒ ഒലിങ്കര ഹൗസ് പനയൂർ HPCL	371.71	331.21	29808 (331.21*90 മറ്റുള്ളവ 300+ച.മി)	331.21*X120 =39745 (വാണിജ്യം 300+ച.മി)	9937

അംഗീകൃത പെർമിറ്റിൽ നിന്നും കുറവായി ഫീസ് ഈടാക്കിയതിന് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം - 25/18.09.25 ന് മറുപടിയായി എത്രയും പെട്ടന്ന് ഉടമയെ അറിയിക്കാൻ ആവശ്യപ്പെട്ടുള്ള കത്ത് നൽകാം എന്നും, കുറവ് വന്ന 9937 രൂപ ഉടൻ ഒടുക്കി ഓഡിറ്റിന് അറിയിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. ഈടാക്കിയതിൽ കുറവ് വന്ന 9937 രൂപ അടവാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. തുക ഈടാക്കി രേഖകൾ ഹാജരാക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
ഖണ്ഡിക 2-1 കാണുക .

ഓഡിറ്റ് നിർദ്ദേശം

പെർമിറ്റ് ഫീ കണക്കാക്കുമ്പോൾ ശരിയായ ഉപയോഗക്രമം തിരഞ്ഞെടുക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-14 അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് വസ്തു നികുതി ഈടാക്കിയിട്ടില്ല

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള, വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18ആം ഭേദഗതി ആക്ടിലൂടെ (2023 ലെ കേരള ധനകാര്യ(2-ാം നമ്പർ) ആക്റ്റ്) 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. 2023-24 വർഷം മുതൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്യാവുന്നതാണ് എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വാതി സ്ക്കൂൾ എന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയിട്ടില്ല.

വാർഡ്	ച. മീ
5/588	85
5/589	85

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്യിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/16.09.2025) ലഭിച്ച മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ സ്വാതി സ്ക്കൂൾ അൺഎയിഡഡ് സ്ക്കൂൾ ആണെന്ന് മറുപടി നൽകി. എന്നാൽ സ്വാതി സ്കൂൾ ഹയർ സെക്കഡറി വരെയുള്ള വലിയ ബഹുനില കെട്ടിടങ്ങൾ ഉള്ള സ്കൂൾ ആണെന്ന് അറിയാൻ കഴിഞ്ഞു. പക്ഷേ സഞ്ചയ സോഫ്റ്റ് വെയറിൽ 85 ച.മി മാത്രമാണ് കാണിച്ചിട്ടുള്ളത്. ആയതിനാൽ യഥാർത്ഥ വസ്തു നികുതി അസസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വസ്തു നികുതി നിർണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പ്രതിമാസ പൊരുത്തപ്പെടുത്തൽ - അപാകതകൾ

2024-25 ലെ വാർഷിക ധനകാര്യ പത്രിക, ബാങ്ക്/ട്രഷറി ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റുകൾ, പ്രതിമാസ പൊരുത്തപ്പെടൽ പത്രികകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. നീക്കിയിരുപ്പിൽ വ്യത്യാസം:-

ക്രമ നം.	ബാങ്കിന്റെ പേര്	അക്കൗണ്ട് നം	31.03.2025 ലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം	31.03.2025 ലെ നീക്കിയിരിപ്പ് പാസ് ബുക്ക് പ്രകാരം	റിമാർകസ്
1.	OTHER CO-OPERATIVE BANK Own Fund	101001012	30594465	31098026	**Add** 504139 Rs **Less** Directly Debited By Bank 578 Rs
2.	SBI Own Fund	10535290764	3058710.78	3091342.78	**Add** Cheque Issued But No Presented In Bank *33302 Rs* Directly Credited By Bank 2 Rs **Less** Cheque Depost But Not Cleared 2672 Rs
3.	STATE BANK OF INDIA Current	37553925911	1137554	1162394	**Add** Cheque Issued But No Presented In Bank *25673 Rs* ***Less***

						Cheque Issued But No Presented In Bank 833 Rs

2. കെ സ്മാർട്ട് വഴിയുള്ള ഇടപാടുകളിൽ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ കെ സ്മാർട്ട് ലൂടെ സമർപ്പിച്ചിട്ടില്ല.

2025 ഏപ്രിൽ മുതലുള്ള റീകൺസിലിയേഷൻ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാങ്ക് ബുക്കും പാസ് ബുക്കും തമ്മിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ ക്രമ നം. 1 ൽ പട്ടികപ്പെടുത്തിയിട്ടുള്ള വ്യത്യാസങ്ങൾ പിന്നീട് എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

3. 31.03.2025 തിയതിയിൽ പ്രതിമാസ പൊരുത്തപെടുത്തലിൽ ബാങ്ക് ബുക്ക് ബാലൻസും, വാർഷിക ധനകാര്യ പത്രികയിലെ ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു.

	ബാങ്ക്/ അക്കൗണ്ട് നം	പ്രതിമാസ പൊരുത്തപെടുത്തലിൽ ബാങ്ക് ബുക്ക് ബാലൻസ്	പ്രതിമാസ പൊരുത്തപെടുത്തലിൽ പാസ്ബുക്ക്	വാർഷിക ധനകാര്യ പത്രിക ബാലൻസ്
1	CANARA BANK - LIFE LOAN 2021110133826173	2292027	2712299	2892097
2	OTHER CO-OPERATIVE BANK Distress101004840	622069	622069	607069
3	STATE BANK OF INDIA MGNREGS 30045476440	214014	214014	220913

ബാങ്ക്ബുക്കും, വാർഷിക ധനകാര്യ പത്രിക ബാലൻസും ഒരുപോലെ വരേണ്ടതാണ്. ആയത് മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം വ്യത്യാസം വന്നതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം - 08/12.08.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വാടക വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2024-25 സാമ്പത്തിക വർഷത്തെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ വാടക കെട്ടിടങ്ങളുടെ വരവ് പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന വാടക കെട്ടിടങ്ങളിൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള മുറികൾ ഒഴിഞ്ഞ് കിടക്കുകയാണ്. വിശദ വിവരം ചുവടെ നൽകുന്നു.

വാടക കെട്ടിടം - റൂം നം	റിമാർക്സ്
പി കെ ദാസ് ഹോസ്പിറ്റൽ എതിർവശം - 4 C	12 മാസവും ഒഴിഞ്ഞ് കിടന്നു
പി കെ ദാസ് ഹോസ്പിറ്റൽ എതിർവശം റൂം നം - 2 (4/1581)	ഏപ്രിൽ മുതൽ നവംബർ വരെ ഒഴിഞ്ഞു കിടന്നു.

മേൽ പറഞ്ഞ വാടക മുറികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം - 9/12.09.25 ന് മറുപടിയായി രണ്ട് മുറികൾ ലേലത്തിൽ ആരും ഏറ്റെടുക്കാൻ തയ്യാറാവാത്തതുകൊണ്ടാണ് ഒഴിഞ്ഞ് കിടന്നത്, നിലവിൽ പുതിയ ആൾ ഏറ്റെടുത്തിണ്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റൂം നമ്പർ 4c , 2 എന്നിവ വാടകക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കരാർ, ലേലം രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ കരാർ, ലേലം നടപടി ക്രമങ്ങൾ എന്നിവയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 സകർമ്മയിൽ യോഗമിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല-

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനുട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനുട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ചട്ടം 26(9) പ്രകാരം സെക്രട്ടറി തയ്യാറാക്കിയ മിനുട്സിന്റ കരട് പ്രസിഡന്റിന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ചു നൽകേണ്ടതും തുടർന്ന് സെക്രട്ടറി മിനുട്സ് തയ്യാറാക്കേണ്ടതുമാണ്.

B)താഴെ പറയുന്ന യോഗങ്ങളുടെ മിനുട്സ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഒരു യോഗത്തിന്റെ മിനുട്സ് എൻട്രി തുടങ്ങിയിട്ടില്ല.

1	3.9.2025	ഭരണസമിതി യോഗം	സാധാരണ യോഗം
2	11.8.2025	ഭരണസമിതി യോഗം	സാധാരണ യോഗം
3	10.7.2025	ഭരണസമിതി യോഗം	സാധാരണ യോഗം
4	30.6.2025	ഭരണസമിതി യോഗം	സാധാരണ യോഗം
5	11.6.2025	ഭരണസമിതി യോഗം	സാധാരണ യോഗം
6	21.5.2025	ഭരണസമിതി യോഗം	സാധാരണ യോഗം
7	9.5.2025	ഭരണസമിതി യോഗം	സാധാരണ യോഗം

C)സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ആകെ നടത്തിയ 45 യോഗങ്ങളിൽ 21 എണ്ണത്തിന്റെ മിനുട്സുകൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. (ധനകാര്യം -3, വികസനം-8, ആരോഗ്യവും വിദ്യാഭ്യാസവും-10)

(D) 11എണ്ണത്തിന്റെ മിനുട്സ് എൻട്രി നാളിതുവരെ തുടങ്ങിയിട്ടില്ല.

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനുട്സ് പൂർത്തിയാക്കാത്തതിന് കാരണം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/15.9.2025ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾ ധാരാളം ഉണ്ടായിരുന്നതുകൊണ്ടാണ് മിനുട്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാഞ്ഞത് എന്നും ഭരണസമിതി യോഗങ്ങളുടെ മിനുട്സുകൾ 2025 സെപ്റ്റംബർ മാസത്തെ ഒഴികെ എല്ലാ മിനുട്സും എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സും

പൂർത്തീകരിച്ചിട്ടുണ്ട് എന്നും ഭാവിയിൽ ഇപ്രകാരം കാലതാമസം സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

യോഗമിനുട്ടുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

1-18 പ്രൊജക്ട് ആവിഷ്കരിക്കാതെ തനതുഫണ്ടിൽ നിന്ന് തുക ചെലവു ചെയ്തു

തനതുഫണ്ട് ചെലവു പരിശോധിച്ചതിൽ പ്രൊജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കാതെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി കാണുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു.

1)ഗ്രാമ പഞ്ചായത്ത് കേരളോത്സവം സംഘടിപ്പിക്കുന്നതിനായി 75000 രൂ (വൗച്ചർ നം. 22400861/01.01.25) തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി അനുവദിക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2) വാർഷിക ധനകാര്യ പത്രിക പ്രകാരം വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ ഉള്ള ചെലവ് 1589178 രൂപയാണ്.
എന്നാൽ വൗച്ചറുകൾ പരിശോധിച്ചതിൻ പ്രകാരം ഉള്ള ചെലവ് താഴെ കൊടുക്കുന്നു.
വൗച്ചറുകൾ നം, തിയതി, തുക
1) 22400899/04.01.25-662750

2)22400140/19.06.24-573300/-

3)22400201/04.07.24-346500

ആകെ തുക -1582550/-

വാർഷിക ധനകാര്യ പത്രികയിൽ 1589178/-രൂപയാണ് കുടിവെള്ള വിതരണത്തിനുള്ള ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചെലവു വൗച്ചറുകൾ പ്രകാരം 1582550/-ആണ് ചെലവ് . ഇത് പ്രകാരം 6628/-രൂപയുടെ ചെലവ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല, തനതുഫണ്ടിൽ നിന്നും പ്രൊജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കാതെയാണ് മേൽ ചെലവ് നടത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/18.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പതിനാലാം പഞ്ചവൽസര പദ്ധതികൾ സ.ഉ(കൈ) നം84/2022.ത.സ്വ.ഭ.വ, തിയ്യതി 19.04.2022, ഖണ്ഡിക 2.4.2 അനുസരിച്ച് ത്രിതല പഞ്ചായത്തുകൾ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപിച്ചു നൽകുന്ന ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി പ്രൊജക്ടുകൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ് എന്നതാണ്. ആസൂത്രണ മാർഗ്ഗരേഖയിൽ പരാമർശിച്ചില്ലെങ്കിൽ പോലും അവയ്ക്കുവേണ്ടി പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ് എന്നതാണ്. അതനുസരിച്ച് സർക്കാർ മാർഗ്ഗ നിർദേശമനുസരിച്ച് ചെലവുകൾ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 6628/-രൂപയുടെ ചെലവ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ലാത്തത് സംബന്ധിച്ച വിശദീകരണവും, ടി തുകയുടെ ചെലവിനാധാരമായ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-19 പേയ്മെന്റ് വൗച്ചറാക്കുന്നതിൽ കാല താമസം,ചെക്ക് തുകയും പിൻവലിച്ച തുകയും തമ്മിലുളള വ്യത്യാസം അപാകതകൾ പരിഹരിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം ലഭ്യമാക്കേണ്ടത് താഴെ പറയും പ്രകാരമാണ്.

(1) പഞ്ചായത്തിൽ പണം ലഭ്യമാക്കാനുള്ള ഏതൊരു വ്യക്തിയും ഇൻവോയിസ് തുടങ്ങിയവ പോലുള്ള രേഖകൾ ക്ലെയിം എഴുതി സമർപ്പിക്കേണ്ടതാണ്.

(2) ചെലവ് ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഒരു ബിൽ തയ്യാറാക്കേണ്ടതും പണം ലഭിക്കാനുള്ള വ്യക്തിയുടെ ക്ലെയിമും ബന്ധപ്പെട്ട രേഖകളും അതോടൊപ്പം ചേർക്കേണ്ടതാണ്.

(3) തുക പാസ്സാക്കുമ്പോൾ അധികാരമുള്ള ഉദ്യോഗസ്ഥൻ ക്ലെയിം പരിശോധിച്ച് തുക പാസ്സാക്കിയതായി രേഖപ്പെടുത്തി ഒപ്പും സീലും വെയ്ക്കേണ്ടതാണ്.

ടി നടപടികൾക്കു ശേഷമാണ് ചെക്ക് പ്രകാരം തുക ബാങ്കിൽ നിന്നും പിൻവലിക്കേണ്ടത്. വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിച്ചിട്ടുള്ള വാണിയംകുളം

സർവീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ട്രഷറി ഷൊർണ്ണൂർ എന്നീ ബാങ്കുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പേയ്മെന്റ് ഓർഡർ തയ്യാറാക്കി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ അംഗീകരിക്കുന്നതിനു മുൻപ് തന്നെ തുക ബാങ്കിൽ നിന്നും പിൻവലിച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) വാണിയംകുളം സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (A/C No-)

ചെക്ക് നം, തീയതി	ബാങ്കിൽ നിന്നും പിൻവലിച്ച തീയതി	പേയ്മെന്റ് ഓർഡറിൽ രേഖപ്പെടുത്തിയ തീയതി	റിമാർക്സ്
44913/ 26.09.24 5121/-	27.09.24	29.10.24 1)22400550/ 01.10.24-150/- 2)22400551/ 01.10.24-150/-3) 22400602 29.10.24-1002/-	ബിൽ രജിസ്റ്ററിൽ 1302രൂപ മാത്രമാണ് ടി ചെക്ക് പ്രകാരം എഴുതിയിരിക്കുന്നത് ബാങ്ക് സ്റ്റേറ്റ്മെന്റിൽ 5121 പിൻവലിച്ചിരിക്കുന്നു.വ്യത്യാസം വിശദമാക്കിയിട്ടില്ല.
44915/ 01.10.24 82200/-	03.10.24	11.11.24 (22400670)	ബിൽ രജിസ്റ്ററിൽ 46800 രൂപ മാത്രമാണ് ടി ചെക്ക് പ്രകാരം എഴുതിയിരിക്കുന്നത് ബാങ്ക് സ്റ്റേറ്റ്മെന്റിൽ 82200 പിൻവലിച്ചിരിക്കുന്നു.വ്യത്യാസം വിശദമാക്കിയിട്ടില്ല.
44917/ 10.10.24 248428	10.10.24	1)22400595/29.10.24-17455/- 2)22400599/29.10.24-21376/- 3)22400410/28.03.25-5582/- 4)22400684/11.11.24-21464/- 5)22400685/11.11.24-21464/- 6)22400599/29.10.24-1609/- 7)22400640/08.11.24-4006/- 8)22400693/11.11.24-1100/-	ബിൽ രജിസ്റ്ററിൽ 123538രൂപ മാത്രമാണ് ടി ചെക്ക് പ്രകാരം എഴുതിയിരിക്കുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റിൽ 248428/- പിൻവലിച്ചിരിക്കുന്നു. വ്യത്യാസം വിശദമാക്കിയിട്ടില്ല.
44841/ 1.08.24 908726	1.08.24	22.08.24(22400372) 30.09.24(22400515)	-
44919/ 21.10.24 338756	21.10.24	08.11.2024മുതൽ 12.11.24വരെ(22400645 മുതൽ 22400779വരെ	-

2)എസ് ബി ഐ, ഒറ്റപ്പാലം (A/C.No.10535290764)

ചെക്ക് നം, തീയതി, തുക	ബാങ്കിൽ നിന്നും പിൻവലിച്ച തീയതി	പേയ്മെന്റ് ഓർഡറിൽ രേഖപ്പെടുത്തിയ തീയതി	റിമാർക്സ്

371928/ 05.09.24 831933/-	06.09.24	28.10.24(22400588)	ബിൽ രജിസ്റ്ററിൽ ഈ ചെക്ക് നമ്പറിൽ തുക 100000/- എന്നാണ് കാണുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റിൽ 831933/- പിൻവലിച്ചിരിക്കുന്നു. വ്യത്യാസം ക്രമീകരിച്ചിട്ടില്ല.
371923/ 27.08.24 100000/-	30.08.24	29.10.24(22400594)	-
371915/ 06.08.24 1000000	06.08.24	30.09.24(22400516)	-

3) TSB Shornur (799013000001101)

ചെക്ക് നം, തീയതി, തുക	ബാങ്കിൽ നിന്നും പിൻവലിച്ച തീയതി	പേയ്മെന്റ് ഓർഡറിൽ രേഖപ്പെടുത്തിയ തീയതി
1662730/02.05.24 194049/-	09.05.24	19.06.24(22400124)
1662745/01.10.24 13808	08.10.24	28.10.24(22400592)

തുക പിൻവലിച്ചതിനു ശേഷം പേയ്മെന്റ് ഓർഡർ അംഗീകരിക്കുന്നതിനും അക്കൗണ്ടിങ്ങ് നടത്തുന്നതിൽ കാലതാമസ്സം നേരിട്ടതിനുമുള്ള കാരണം, ബിൽ രജിസ്റ്ററിലെ ചെക്ക് തുകയും ബാങ്കിൽ നിന്ന് പിൻവലിച്ച തുകയും വ്യത്യാസം വരാനുള്ള കാരണം എന്നിവ അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/19.09.25) 21.10.25 ന് നൽകിയ മറുപടിയിൽ ILGMS ഫയലുകൾ കൈകാര്യം ചെയ്യുമ്പോൾ കാലതാമസം വരുന്നതിനാൽ സെക്രട്ടറി ഫിസിക്കൽ ഫയൽ പരിശോധിച്ച് ചിലയവസരങ്ങളിൽ ചെക്ക് എഴുതിയിട്ടുണ്ട് എന്നതാണ്. ആയതിനാലാണ് പേയ്മെന്റ് വൗച്ചർ എഴുതാൻ കാല താമസം എന്ന് അറിയിച്ചിട്ടുണ്ട്. കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ നിലവിൽ ആയത് പരിഹരിച്ച് പേയ്മെന്റ് രേഖപ്പെടുത്തിയ ശേഷമാണ് ചെക്ക് എഴുതുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ചിട്ടുള്ള ബാങ്കിൽ നിന്നും പിൻവലിച്ച തുകയും ചെക്കുകളും രേഖപ്പെടുത്തിയ ചെക്ക് ഇഷ്യൂ രജിസ്റ്ററിന്റെ പകർപ്പ് മെയിൽ ചെയ്തിട്ടുണ്ട്. അക്കൗണ്ടിംങ്ങ് ചട്ടങ്ങൾ പാലിച്ച് പേയ്മെന്റ് ഓർഡർ തയ്യാറാക്കേണ്ടതും തുടർന്ന് ചെക്ക് എഴുതി ചെലവു ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്. ഓരോ ചെക്ക് പ്രകാരമുള്ള തുകകൾ പിൻ വലിക്കുമ്പോഴും ബിൽ രജിസ്റ്ററിൽ കൃത്യമായി ഇനം തിരിച്ച് തുക ചേർക്കേണ്ടതും വൗച്ചർ നമ്പറിട്ട് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. പേയ്മെന്റ് ഓർഡർ കൃത്യമായി ഫയലിൽ ചേർക്കാത്തതിനാൽ ILGMSൽ ചെലവു പരിശോധന സങ്കീർണ്ണമാക്കുന്ന അവസ്ഥ ഓഡിറ്റ് കാലയളവിൽ നേരിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും പണം പിൻവലിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-20 തനതു ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന നിർവ്വഹണോദ്യോഗസ്ഥർക്ക് മുൻകൂർ തുക നൽകിയിരിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

ഇനം	തുക	ബിൽ രജിസ്റ്റർ പ്രകാരം വൗച്ചർ

		നം, തിയ്യതി
സാക്ഷരതാ പ്രേരകിന് നൽകിയ അഡ്വാൻസ് (40%)	4800	22400148/19/06/24
	4800	22400185/04/07/24
	4800	22400274/25/07/24
	4800	22400484/19/09/24
	4800	22400456/19/09/24
	3800	22400720/11/11/24
	4800	224004820/01/12/24
	4800	22400877/01/01/25
	4800	22401275/16/03/25
പ്രീ മൺസൂൺ സാനിറ്റേഷൻ മെഡിക്കൽ ഓഫീസർ പി.എച്ച് സി ക്ക് നൽകിയത്	180000	22400144/19.06.24

മേൽ സൂചിപ്പിച്ച പ്രകാരം സാക്ഷരതാ പ്രേരകിനു് മുൻകൂറായി നൽകിയ തുക ക്രമീകരച്ചതിന്റെ വിവരം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/18.09.25)ലഭ്യമാക്കിയ മറുപടിയിൽ സാക്ഷരത പ്രേരകിന് അഡ്വാൻസ് ആയി നൽകുന്ന തുകയുടെ 40% സാക്ഷരതാ മിഷനിൽ നിന്ന് ഗ്രാമപഞ്ചായത്തിലേക്ക് റീഫണ്ട് ചെയ്യുന്നതിന് 09.09.25ന് നമ്പർ 4303318- 2025 പ്രകാരം കത്തയച്ചിട്ടുണ്ട്. ഒരു വർഷം കഴിഞ്ഞിട്ടും മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല. ക്രമീകരിച്ച് തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് . അല്ലാത്ത പക്ഷം നിയമാനുസൃത പലിശ സഹിതം മെഡിക്കൽ ഓഫീസറിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

1-21 ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയിട്ടില്ല

ആരോഗ്യ മേഖലയിൽ പ്രസ്തുത ഗ്രാന്റിന്റെ വിനിയോഗം എത്രമാത്രം കാര്യക്ഷമമാണ് എന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം അന്വേഷിച്ചതിന് ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അക്കൗണ്ട് നം	സ്ക്കീം	നീക്കിയിരുപ്പ് RP 40(B) പ്രകാരം	നീക്കിയിരുപ്പ് B-4 പ്രകാരം
1	കനറാ ബാങ്ക് (110042201782)	Health Grant Towards Support For Diagnostic Infrastructure To PHC’s	297737	462487
2	കനറാ ബാങ്ക് (110042202703)	Health Grant (Towards Buildingless PHCs CHC & Subcentres	0	0
3	കനറാ ബാങ്ക് (110042200392)	Health Grant Towards Conversion Of PHCs And Subcentersinto Health And Wellness Centre	663014	691443

1) സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4, RP-40(B) പ്രകാരം ഹെൽത്ത് ഗ്രാന്റ് മേൽ പറയും പ്രകാരം നീക്കിയിരുപ്പായി അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റിലും റസീറ്റ് ആന്റ് പെയ്മെന്റിലും ഹെൽത്ത് ഗ്രാന്റ് ചെലവു കഴിഞ്ഞ് അവശേഷിക്കുന്ന തുക തമ്മിൽ വ്യത്യാസം കാണുന്നു. അവശേഷിക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല.

2) തൻ വർഷം മെഡിക്കൽ ഓഫീസർ രണ്ടു പ്രൊജക്ടുകളാണ് നടപ്പിലാക്കിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു

പ്രൊജക്ട്	336/26ഹെൽത്ത് ഗ്രാന്റ് 2023-24 എഫ് എച്ച് സി ലാബ് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	335/25ഹെൽത്ത് ഗ്രാന്റ് 2023-24 സബ് സെന്ററിലെ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രോഗ്രാം
അടങ്കൽ	435000	682000
ചെലവ്	164750	28429

മേൽ പദ്ധതിയിൽ 2023-24 കാലയളവിലെ പ്രവർത്തനങ്ങൾക്കാണ് തുക നൽകിയിരിക്കുന്നത്. ആയതിൽ സർജിക്കൽ ആന്റ് ലാബ് റീ ഏജന്റുകൾ വാങ്ങാൻ 2024-25 വർഷം തുക ലഭ്യമാകാത്തതിനാൽ HMC യിൽ നിന്ന് തുക അനുവദിക്കുകയും മെഡിക്കൽ ഓഫീസർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ആയത് തൻ വർഷം HMCയിലേക്ക് റീകൂപ്പ് ചെയ്തിട്ടുണ്ട്. നിലവിൽ ഹെൽത്ത് ഗ്രാന്റ് ബാലൻസ് ഇരിക്കെ തുക 2024-25 വർഷം ചെലവഴിച്ചിട്ടില്ല സാമ്പത്തിക വർഷം ലഭ്യമായ Health Grant-1128937/- രൂപയാണ്.തൻ വർഷം 193179/-രൂപ സ്പിൽ ഓവർ പദ്ധതികൾക്കായി ഹെൽത്ത് ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്. ആയത് ലഭ്യമായ തുകയിൽ 17% മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളു. ഹെൽത്ത്ഗ്രാന്റ് കാര്യക്ഷമമായ രീതിയിൽ ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/19.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹെൽത്ത് ഗ്രാന്റ് തുടർ വർഷങ്ങളിൽ കാര്യക്ഷമമായി ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-22 എ ബി സി പ്രോഗ്രാം പ്രവൃത്തി പൂർത്തികരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല</u>

പ്രൊജക്ട് നം., പേര്	144/25, എ ബി സി പ്രോഗ്രാം
അടങ്കൽ	250000 രൂപ തനതുഫണ്ട്
ചെലവ്	ചെക്ക് നം 1662752/19.12.24 - 250000 രൂപ
നിർവഹണം	വെറ്ററിനറി സർജൻ

ജില്ലാ പഞ്ചായത്ത് നിർവഹണം നടത്തുന്ന പദ്ധതിക്ക് വിഹിതം കൈമാറുന്നതിനാണ് തുക നൽകിയിരിക്കുന്നത്. അലഞ്ഞു തിരിയുന്ന തെരുവു നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനായാണ് പദ്ധതി ലക്ഷ്യം വച്ചിരിക്കുന്നത്.തെരുവു നായ്ക്കളുടെ വർദ്ധനവ് മൂലം പൊതുജനങ്ങൾക്കു ഉണ്ടാവുന്ന ശല്യം തടയുന്നതിനും പഞ്ചായത്തിനെ പേവിഷ വിമുക്ത മേഖലയാക്കി മാറ്റുന്നതിനുമായാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി തുക ജില്ലാ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് (നം. 799011400002200) മാറി നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണ രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1) ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2) പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പഞ്ചായത്ത് പരിധിയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല

3) പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ്

കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (11/12.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും തുടർ നടപടിവിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

1-23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്ക് നിയമാനുസൃത വിഹിതം അനുവദിച്ചില്ല-

തൻ വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വ്യക്തിഗത ആനുകൂല്യം നൽകുന്ന താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രൊജക്റ്റ് വിവരം	അടങ്കൽ	ചെലവ്	റിമാർക്സ്
1	മുട്ടക്കോഴി വിതരണം (പ്രൊജക്റ്റ് നം 148/25)	390000	324350	499ഗുണഭോക്താക്കൾക്ക് 130രൂപയുടെ 5 കോഴികൾ വീതം നൽകി അധികം വന്ന50രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കി.
2	കറവ പശു വളർത്തൽ വനിത (പ്രൊജക്റ്റ് നം 149/25)	1500000	210000	7 പേർക്ക് 30000 രൂപ വീതം ബാക്ക് എൻഡ് സബ്സിഡി ബാങ്കിലേക്ക് നൽകി.
3	ആടു വളർത്തൽ വനിത (പ്രൊജക്റ്റ് നം 143/25)	600000	100000	ഓരോ ഗുണഭോക്താവിനും 10000 രൂപ നിരക്കിൽ 5 ആടു വീതം 50% സബ്സിഡിയോടു കൂടി 4 പേർക്ക് നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ഡിഎ)വകുപ്പിന്റെ 04.06.2011 തിയ്യതിൽ സ.ഉ(സാധാ) നമ്പർ 1360/2011/ തസ്വഭവ സർക്കാർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് വ്യക്തിഗത ആനുകൂല്യ നൽകുന്ന പ്രൊജകടുകളുടെ ഗുണഭോക്താക്കളിൽ കുറഞ്ഞത് 3% എങ്കിലും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർ ആയിരിക്കണമെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിലെ ദാരിദ്ര്യ നിർമ്മാർജന ഉപ പദ്ധതിയുടെ വിഹിതത്തിന്റെ 3% ത്തിൽ കുറയാതെയുള്ള സംവരണമാണ് ഈ കാറ്റഗറിയിൽപ്പെടുന്ന ആളുകൾക്ക് അനുവദിക്കാൻ നിർദേശിച്ചിരിക്കുന്നത്. ഉത്തരവിലെ ഖണ്ഡിക 2-2 അനുസരിച്ച് കാലിവളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങി മൃഗ സംരക്ഷണ മേഖലയിലെ വ്യക്തിഗത തൊഴിൽ സംരംഭ പ്രൊജക്ടുകൾക്ക് ഈ നിർദേശങ്ങൾ ബാധകമാണ്. തൻ വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ മേൽ പദ്ധതികളിൽ ഈ മാനദണ്ഡം പാലിച്ചതായി കാണുന്നില്ല ഓഡിറ്റ് എൻക്വയറിക്ക് 22/17.09.25 മറുപടി ലഭ്യമാക്കിയില്ല. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർക്ക് സർക്കാർ അനുവദിച്ച മാർഗ്ഗനിർദേശപ്രകാരമുള്ള ആനുകൂല്യത്തിന് പരിഗണിക്കേണ്ടതാണ്.

1-24 അങ്കണവാടികളിലേക്ക് വാട്ടർ പ്യൂരിഫൈയർ വാങ്ങിയത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ "അംഗനവാടികളിൽ ആർ ഒ വാട്ടർ യൂണിറ്റ് സ്ഥാപിക്കൽ" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
163/25	അംഗനവാടികളിൽ ആർ ഒ വാട്ടർ യൂണിറ്റ് സ്ഥാപിക്കൽ -	400000/- (ധനകാര്യകമ്മീഷൻ അവാർഡ്)	400000/-
ബിൽ നമ്പർ/ തീയതി	524/10.03.2025		

മേൽ പ്രോജക്ട് പ്രകാരം അംഗനവാടികളിലേക്ക് 24 വാട്ടർ പ്യൂരിഫൈയർ ജെം മുഖേന വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ: IT/24-25 L737 തീയതി: 20.02.2025). എന്നാൽ അംഗനവാടികളിൽ വാട്ടർ പ്യൂരിഫൈയർ വിതരണം ചെയ്തിട്ടുണ്ടെങ്കിലും സ്ഥാപിച്ചിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. വാട്ടർ പ്യൂരിഫയർ പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/11.09.2025) ലഭ്യമാക്കിയ മറുപടിയിൽ ശുദ്ധ ജല കണക്ഷൻ ലഭ്യമായതിനുശേഷം വാട്ടർ പ്യൂരിഫൈയർ സ്ഥാപിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വാട്ടർ പ്യൂരിഫൈയർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതുവരെ ഇതിനായി ചെലവഴിച്ച 400000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിശദവിവരങ്ങൾ യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 പകൽ വീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ "വാണിയംകുളം പകൽവീട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ സാധനസാമഗ്രികൾ വാങ്ങൽ" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
173/25	വാണിയംകുളം പകൽവീട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ സാധനസാമഗ്രികൾ വാങ്ങൽ	100000/- (വികസനഫണ്ട് ജനറൽ)	28414/-
ബിൽ നമ്പർ/ തീയതി	77/20.03.2025		

മേൽ പ്രോജക്ട് പ്രകാരം വാണിയംകുളം ടൗണിൽ തുടങ്ങാനിരിക്കുന്ന പകൽവീട് കേന്ദ്രത്തിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഹരിഷ് മെറ്റൽ, ഒറ്റപ്പാലം എന്ന സ്ഥാപനത്തിൽ നിന്ന് 28414/-രൂപയുടെ (ഇൻവോയ്സ് നമ്പർ: HM003220 തീയതി: 18.03.2025) പ്ലേറ്റ്, ഗ്ലാസ്സ്, ജാർ എന്നിവ ഉൾപ്പെടെ എല്ലാവിധ പാത്രങ്ങളും അനുബന്ധസാധനങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ തുടർന്നുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാതെ പാത്രങ്ങൾ ഉൾപ്പെടെയുള്ള പകൽ വീട് ആവശ്യത്തിലേക്കായുള്ള സാധനങ്ങൾ ഗ്രാമപഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/11.09.2025) ലഭ്യമാക്കിയ മറുപടിയിൽ സമീപത്തായി സ്ഥിതി ചെയ്യുന്ന കുളം നവീകരണം നടത്തേണ്ടതിനാൽ പകൽ വീട് പ്രവർത്തനം തുടങ്ങാൻ കുറച്ച് സമയം ആവശ്യമായി വരുമെന്നാണ് അറിയിച്ചിരിക്കുന്നത്.

പകൽ വീട് പ്രവർത്തനം ആരംഭിക്കുന്നതുവരെ പാത്രങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക 28414/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിശദവിവരങ്ങൾ യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 പദ്ധതിയ്ക്കായി ചെലവഴിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് , പകൽവീട് നടത്തിപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.

പ്രോജക്ട് നമ്പർ/ പേര്	153/25 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് ചെലവ്	
ഫണ്ടിനം	അടങ്കൽ	ചെലവ്
തനത് ഫണ്ട്	700000	371403
ആകെ	700000	371403
ബിൽ നമ്പർ/ തീയതി	73/20.03.2025	

മേൽ പദ്ധതി പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്പെഷ്യൽ എഡ്യുക്കേറ്റർക്കുള്ള ഹോണറേറിയം, കുട്ടികളെ കൊണ്ടുവിടുന്നതിനുള്ള വാഹന വാടക, കുട്ടികൾക്കുള്ള ഭക്ഷണചെലവ് എന്നിവയാണ് നടത്തിയിരിക്കുന്നത്. റീഹാബിലിറ്റേഷൻ സെന്റർ ആവശ്യത്തിലേക്കായി പച്ചക്കറി, ഗ്യാസ്, മറ്റ് സാധനങ്ങൾ എന്നിവക്കുള്ള ചെലവു തുക സ്പെഷ്യൽ എഡ്യുക്കേറ്ററുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്.

2.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
215/25	പകൽവീട് നടത്തിപ്പ് ചെലവ് (Spill Over)	51928/- (വികസനഫണ്ട് ജനറൽ)	51895/-
ബിൽ നമ്പർ/ തീയതി	77/20.03.2025		
158/25	തൃക്കങ്ങോട് പകൽവീട് നടത്തിപ്പ് ചെലവ്	100000/- (വികസനഫണ്ട് ജനറൽ)	100000/-
ബിൽ നമ്പർ/ തീയതി	17/10.09.2025		

പകൽവീട് കെയർടേക്കർക്കുള്ള ഹോണറേറിയവും അന്തേവാസികൾക്കുള്ള ഭക്ഷണത്തിനുമായാണ് മേൽ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പകൽവീട് ആവശ്യത്തിലേക്കായി പച്ചക്കറി, ഗ്യാസ്, മറ്റ് സാധനങ്ങൾ എന്നിവക്കുള്ള ചെലവു തുക കെയർടേക്കറുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്.

പതിനാലാം പദ്ധതി മാർഗ്ഗ രേഖ സ.ഉ(കൈ) നം 115/22/Lsgd, 28.05.22 ഖണ്ഡിക 1.2.12 അനുസരിച്ച് ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. റീഹാബിലിറ്റേഷൻ സെന്റർ ഭക്ഷണസാധനങ്ങളുടെ ചെലവ് തുകയും, പകൽവീട് ഭക്ഷണസാധനങ്ങളുടെ ചെലവ് തുകയും അതാത് ഗുണഭോക്താവിന് നൽകേണ്ടതിനു പകരം കെയർടേക്കറുടെ അക്കൗണ്ടിലേക്കാണ് നൽകുന്നത്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/12.09.2025,15/15.09.2025) ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ

ബന്ധപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. യഥാർത്ഥ ഗുണഭോക്താവിന് തന്നെ തുക നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 പത്രമാസിക വിതരണം – ചെലവ് സാധൂകരിക്കുന്ന രേഖകൾ ഇല്ല -

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന വായനശാലകൾക്കും, ക്ലബുകൾക്കും, സാംസ്കാരിക നിലയങ്ങൾക്കും പത്രം വിതരണം ചെയ്യതിന് 2024-25 വർഷം 72000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ/ പേര്	279/25 സ്കൂളുകളിലും ക്ലബുകളിലും പത്രമാസിക വിതരണം	
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ് മിസ്ട്രസ്സ്	
ഫണ്ടിനം	അടങ്കൽ	ചെലവ്
തനത് ഫണ്ട്	100000	72000
ആകെ	100000	72000
ബിൽ നമ്പർ/ തീയതി	3/16.01.2025	

താഴെ പറയുന്ന 24 സ്ഥാപനങ്ങൾക്കാണ് പത്ര വിതരണം നടത്തിയിരിക്കുന്നത്.

ക്രമ നം	സ്ഥാപനം
1	ഉദയ ഗ്രാമീണ വായനശാല, വെള്ളിയാട്
2	ഫ്രണ്ട്സ് ക്ലബ്, ചെറുകാട്ടുപുലം
3	അച്യുതൻ എഴുത്തച്ഛൻ സ്മാരക വായനശാല, മനിശ്ശീരി
4	നവചേതന ആർട്സ് & സ്പോർട്സ് ക്ലബ്, കൂനത്തറ
5	തനിമ ആർട്സ് & സ്പോർട്സ് ക്ലബ്, പനയൂർ
6	നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്, എടക്കോട്
7	വാമന സ്മാരക വായനശാല, ത്രാങ്ങാലി
8	നിള വായനശാല, മാന്നന്നൂർ
9	ഗ്രാമോദയ സോഷ്യൽ ക്ലബ്ബ്, മാന്നന്നൂർ
10	സർഗ്ഗ ഗ്രാമീണ വായനശാല, പുലാചിത്ര
11	ജനകീയ വായനശാല, കൂനത്തറ
12	രാഗം ആർട്സ് & സ്പോർട്സ് ക്ലബ്, കൂനത്തറ
13	തരംഗ് ആർട്സ് & സ്പോർട്സ് ക്ലബ്, തൃക്കങ്ങോട്
14	എസ്.ആർ.വി, ചോറോട്ടൂർ
15	ഭാവന സാംസ്കാരിക നിലയം, പനയൂർ
16	ചെന്താര, കൂനത്തറ
17	നാഷണൽ ക്ലബ്ബ്, പുലാചിത്ര
18	സർഗ്ഗ, മനിശ്ശീരി
19	മിനിപ്പടി ബ്രദേഴ്സ്, പനയൂർ
20	വൈ.എഫ്.സി, പനയൂർ
21	പൊതുജന വായനശാല, കോതയൂർ

22	കൊച്ചുകുട്ടൻ സ്മാരക വായനശാല, ആൽത്തറ
23	പൊതുജന വായനശാല, പനയൂർ
24	വാണിയംകുളം സാംസ്കാരിക നിലയം, വാണിയംകുളം

05.02.2025 ന് 72000/- രൂപ (JOUR/PAL/24-25/8779 നമ്പർ രശീതി പ്രകാരം) പാലക്കാട് ദേശാഭിമാനിക്ക് നൽകിയിട്ടുണ്ട്. വായനശാലകളിലും, ക്ലബുകളിലും, സാംസ്കാരിക നിലയങ്ങളിലും പത്രം കൈപ്പറ്റിയത് സംബന്ധിച്ച് ഈ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ വൗച്ചറുകളൊടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/15.09.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് പത്രം ലഭിച്ചുവരുന്നുണ്ടെന്ന സാക്ഷ്യപത്രം/കൈപ്പറ്റ് രശീത്, സ്ഥാപനങ്ങൾ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തവയാണെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 72000/- രൂപ തടസ്സപ്പെടുത്തുന്നു.

ആവശ്യമായ രേഖകൾ ലഭ്യമാക്കി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 മരാമത്ത് പ്രവൃത്തികൾ -അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 155പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 112 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹97554733വകയിരുത്തിയതിൽ ₹59000705 ആണ് ചെലവഴിച്ചിട്ടുള്ളത്. 60.48% ആണ് തൻവർഷത്തെ ആകെ ചെലവ്. ചെലവ് ശതമാനം കുറഞ്ഞതിന് കാരണം വിശദമാക്കേണ്ടതാണ്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാത്ത പദ്ധതികളുടെയും, പദ്ധതികൾ നടപ്പിലാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയും ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട്	മറുപടി
1	243/25-പകൽവീട് മെയിന്റനൻസ്	Compound Wall നിർമ്മാണം എന്ന പ്രവൃത്തിയാണ് ഉൾപ്പടുത്തിയിട്ടുള്ളത്. എന്നാൽ ടി സ്ഥലത്ത് മരങ്ങൾ വളർന്നതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തി തുടരുന്നതിനായി മരങ്ങൾ വെട്ടി മാറ്റേണ്ടി വന്നു. എന്നാൽ ട്രീ കമ്മിറ്റിയുടെ അനുമതി ലഭിച്ച് മരങ്ങൾ വെട്ടി മാറ്റി നൽകുന്നതിനുള്ള കാലതാമസം മൂലം പ്രവൃത്തി നടത്തുവാൻ സാധിച്ചില്ല.
2	265/25-ചക്കി മലക്കുന്ന് സ്കൂൾ റോഡ് വാർഡ്-3	പ്രവൃത്തി പൂർത്തീകരിക്കുകയും 2025-26 വർഷം ഫൈനൽ ബിൽ പാസ്സാവുകയും ചെയ്തിട്ടുണ്ട്.
3	253/25-ഗ്രാമപഞ്ചായത്ത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ	പഞ്ചായത്തിലെ ആസ്തിയിലുള്ള 597 റോഡുകൾ ആർ-ട്രാക് എന്ന മൊബൈൽ അപ്ലിക്കേഷൻ വഴി സർവെ ചെയ്യുകയും Verify

		ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ബാക്കിയായി ബിൽഡിംഗ്സ്, ഡ്രൈനേജ്, ജംഗ്ഷൻസ് എന്നിവ സർവെ ചെയ്യുന്നതിനുള്ള ഓർഡർ വരുന്ന മുറയ്ക്ക് പ്രൊജക്ട് പൂർത്തീകരിക്കുന്നതാണ്
4	258/25-കിണർ റീചാർജ്ജിംഗ് പദ്ധതി	കിണർ റീചാർജ്ജിംഗ് പ്രവൃത്തിയുടെ നടത്തിപ്പിനായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കെട്ടിടത്തിന്റെ സെപ്റ്റിക് ടാങ്ക് വലിപ്പം അപര്യാപ്തമായതിനാൽ പുതിയ സെപ്റ്റിക് ടാങ്ക് നിർമ്മാണം നടത്തുകയും ആ സ്ഥലത്ത് റീചാർജ് പിറ്റ് നിർമ്മിക്കുവാനുള്ള സ്ഥല പരിമിതി മൂലവുമാണ് ഈ പ്രവൃത്തി തുടർന്നു നടക്കാതിരുന്നത്

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. 2.4.2024നു ശേഷമുള്ള എഗ്രിമെന്റുകളിൽ പ്രവൃത്തി പൂർത്തീകരണം വൈകുന്ന വേളയിൽ G.O.(Ms)No.21/2024/PWD Dt.02-04-2024 ഉത്തരവ് പ്രകാരമുള്ള ലികിഡേറ്റഡ് ഡാമേജ് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ:-56/25-കെ.കെ. നായർകളത്തിൽ റോഡ് കോൺക്രീറ്റിംഗ് വാർഡ്-1

എഗ്രിമെന്റ് നം. 76/15.3.2025

5. ചീഫ് എഞ്ചിനീയറുടെ നം.12/11316/2020/സിഇ/എൽഐഡി&ഇഡബ്ല്യു തിയതി,2.2.2021 സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ ടാറിംഗ് പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ ടാറിന്റെ ഒറിജിനൽ ബില്ലുകൾ നിർവഹണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ പ്രവൃത്തികൾക്കായി ഒരേ ബിൽ പ്രകാരം ടാർ വാങ്ങുന്ന സാഹചര്യത്തിൽ ഹാജരാക്കുന്ന ഒറിജിനൽ ടാർ ബില്ലിൽ ഏതു പ്രവൃത്തിക്കുവേണ്ടിയാണോ ടാർ ബിൽ ഹാജരാക്കിയത് എന്ന കാര്യം എഴുതി ആയതിന് ആവശ്യമായ ടാറിന്റെ അളവും തൂക്കവും രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്തശേഷം ആ ഒറിജിനൽ ബില്ലിന്റെ പകർപ്പെടുത്ത് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയലിൽ വയ്ക്കുകയും ഒറിജിനൽ ബിൽ ശേഷിക്കുന്ന ടാർ പ്രവൃത്തികൾക്കായി കരാറുകാരന് തിരികെ കൊടുക്കാവുന്നതാണ്. കരാറുകാരൻ ഒറിജിനൽ ബില്ലുകൾ സമർപ്പിക്കുന്നു എന്ന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ് എന്ന് നിഷ്ക്കർഷിക്കുന്നു. എന്നാൽ 2024-25 വർഷം നിർവഹണം നടത്തിയ ടാറിംഗ് പ്രവൃത്തികളുടെ ഫയലിൽ ടാർ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല. ഉദാ:-

. 254/25-വാണിയകുളം വെള്ളാരംപാറ റോഡ് വാർഡ് 4

ട്രഷറി ബിൽ നം. 12/12.9.2024-₹1352733

. 226/25-ഐടിഐ ഹെൽത്ത് സെന്റർ റോഡ് റീടാറിംഗ് വാർഡ് 10

ട്രഷറി ബിൽ നം.31/30.11.2024-₹988075

. 212/25-എഫ്എച്ച്സി റോഡ് വാർഡ് 4

ട്രഷറി ബിൽ നം. 33/30.11.2024-₹579424

. 207/25-പാപ്പുള്ളിപ്പടി വെള്ളിയാട് റോഡ് വാർഡി 13

ട്രഷറി ബിൽ നം. 38/30.11.2024-₹582595

. 214/25-പുത്തരിത്തൊടി കോളനി റോഡ് വാർഡ് 12

ട്രഷറി ബിൽ നം. 35/30.11.2024-₹529754

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/16.92025ന് അപാകതകൾ പരിഹരിക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതും കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-29 ചെറുകാട്ടുപുലം സബ്സെന്റർ മെയിന്റനൻസ്-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നം. 194/25-ചെറുകാട്ടുപുലം സബ്സെന്റർ മെയിന്റനൻസ്

അടങ്കൽ ₹1000000/- MG(NR)

ചെലവ് - ₹74000/- (ട്രഷറി ബിൽ നം.9/9.9.2024)

₹617725- (ട്രഷറി ബിൽ നം.36/30.11.2024)

കരാറുകാരൻ -ശ്രീ.രാമദാസൻ.എം.

എഗ്രിമെന്റ് നം. 40/13.2.2023

എം.ബി. നം. - 82221/2022

പി.എ.സി -₹784080.03

എ.പി.എ.സി -₹618699

സൈറ്റ് ഹാൻഡ് ഓവർ -23.2.2023

പൂർത്തീകരണ കാലാവധി - 9 മാസം

നിർവഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

ചെറുകാട്ടുപുലം സബ്സെന്റർ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ചു കളഞ്ഞ് ഇരുമ്പിന്റെ മേൽക്കൂര സ്ഥാപിക്കുന്നതിനും കേടുപാടുകൾ സംഭവിച്ച ജനൽ, വാതിൽ, വെന്റിലേറ്റർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും കബോർഡ്, കിച്ചൻ സ്ലാബ്, ഇന്റർ ലോക്ക്, പൂർണ്ണമായും തകർന്ന ടോയ്‌ലറ്റ് ടൈൽ നീക്കം ചെയ്ത് പുതിയ ടൈൽ പാകൽ, കിണർ പുനരുദ്ധാരണം ചെയ്ത് ഗ്രിൽ സ്ഥാപിക്കൽ എന്നിവയ്ക്കുമാണ് എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്.

മേൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഇലക്ട്രിഫിക്കേഷൻ വർക്കിന് Lumsum ആയി ₹74000 വകയിരുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ജില്ലാതല ടെക്നിക്കൽ വിംഗിൽ(ഇലക്ട്രിക്കൽ) നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. പ്രവൃത്തി ചെയ്തിരിക്കുന്നത് മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരൻ തന്നെയാണ്. കൂടാതെ നിർവഹണ മേൽനോട്ടം, അളവുകൾ രേഖപ്പെടുത്തുക, ചെക്ക് മെഷർമെന്റ് ചെയ്യുക എന്നിവയും ടെക്നിക്കൽ കമ്മിറ്റി ചെയ്തിട്ടില്ല. മേൽ പ്രവൃത്തി പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തതിന്റെ രേഖകളില്ലാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

2. 1.3.2023ന് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് പൊളിച്ചു മാറ്റിയ സാധനങ്ങളുടെ വാല്യുവേഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

അതിൻ പ്രകാരം പട്ടിക, കഴുക്കോൽ, ജനൽ/വാതിൽ എന്നിവ 160kg =2050 രൂപ

ഓട് 350 എണ്ണം @1.15=403

ആകെ ₹2453 വില കണക്കാക്കിയിട്ടുണ്ട്. ലേല നടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

3. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 9 മാസമാണ്. രണ്ട് പാർട്ട് ബില്ലുകളാണ് നൽകിയിട്ടുള്ളത്. 16.2.2024 തിയതിയിലെ ഭരണസമിതി തീരുമാനം 1(9) പ്രകാരം ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും കരാർ കാലാവധി 31.3.2024വരെ നീട്ടി നൽകണമെന്നും അസിസ്റ്റന്റ്

എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാർ കാലാവധി നീട്ടി നൽകുന്നതിന് നിയമപരമായ കാരണങ്ങളുണ്ടെങ്കിൽ ആയത് പരിശോധിച്ച് അപ്രകാരം ആവശ്യമായ സമയത്തേക്ക് കരാർ നീട്ടി നൽകുന്നതിനും എസ്റ്റിമേറ്റ് തുകയിൽ കവിയാതെ ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് റിവിഷൻ ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാലാവധി നീട്ടിനൽകിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ചും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും ഫൈനൽ ബിൽ നൽകിയതിന്റെ വിവരവും നിയമ പ്രകാരമുള്ള ഫൈൻ ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.20/16.9.2025 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ചെറുകാട്ടുപുലം സബ് സെന്ററിലെ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തി വെച്ചു കൊണ്ടാണ് കെട്ടിടത്തിന്റെ മരാമത്ത് പ്രവൃത്തികൾ നവീകരണ പ്രവൃത്തിയായി പൂർത്തീകരിച്ചു പോന്നിട്ടുള്ളത്. കെട്ടിടം അടിയന്തിരമായി ആരോഗ്യ വിഭാഗത്തിന് കൈമാറേണ്ടതുണ്ട് എന്ന തീരുമാനത്തിനു പുറത്താണ് ജില്ലാ ഇലക്ട്രിക്കൽ വിഭാഗത്തിന് പദ്ധതിയിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് കാലതാമസം വരും എന്നു കണക്കിലെടുത്താണ് അടിയന്തിര സ്വഭാവത്തോടു കൂടി പ്രവൃത്തി ചെയ്തു തീർത്തത്. ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനു വേണ്ടി അംഗീകൃത കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. പ്രവൃത്തി കാലാവധി ദീർഘിപ്പിച്ചു കൊടുക്കുന്നതിനുള്ള ഭരണസമിതി തീരുമാനം എടുത്തിരുന്നു. പ്രവൃത്തിയുടെ ആവശ്യകതയും Urgencyയും കണക്കിലെടുത്താണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തി വെച്ചു കൊണ്ടാണ് മരാമത്ത് പ്രവൃത്തികൾ നിർവഹിച്ചത് എന്നും ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് കാലതാമസം വരും എന്നു കണക്കിലെടുത്താണ് ജില്ലാതല ടെക്നിക്കൽ വിംഗിൽ(ഇലക്ട്രിക്കൽ) നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കുകയോ തുടർ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യാതിരുന്നത് എന്നും ഉള്ള മറുപടി അംഗീകരിക്കാൻ നിർവാഹമില്ല. പ്രവൃത്തി കാലാവധി 31.3.3024 വരെ ദീർഘിപ്പിച്ചു തരണം എന്ന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2024-25 വർഷത്തെ ആകെ ചെലവ് ₹691725 ആണ്. പാർട്ട് ബിൽ ആണ് നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും ഫൈനൽ ബിൽ നൽകിയതിന്റെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കൂടാതെ പൊളിച്ചു മാറ്റിയ സാധനങ്ങളുടെ വാല്യുവേഷൻ തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടി സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങളിൽ മറുപടി ലഭ്യമാക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതും പൂർത്തീകരണ കാലാവധി അധികരിച്ചിട്ടുണ്ടെങ്കിൽ നിയമപ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതുമാണ്.

1-30-1 എ.ഇ. ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ-ഇൻകം ടാക്സ് ഈടാക്കിയില്ല

പ്രൊജക്ട് നം. 131/25- അസിസ്റ്റന്റ് എഞ്ചിനീയർ കാര്യാലയത്തിന്റെ നടത്തിപ്പ് ചെലവ്
അടങ്കൽ - ₹250000-മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)
കരാറുകാരൻ -ശ്രീ.പ്രദീപ്കുമാർ
എഗ്രിമെന്റ് നം.തിയതി -22(A)/2024-25 Dt.1.1.2025
നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ കാര്യാലയത്തിന്റെ നടത്തിപ്പ് ചെലവ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ജനുവരി 2025 മുതൽ വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. ശ്രീ.പ്രഭാനന്ദൻ എന്നയാളുടെ Mahindra Verito -KL-51C-801 എന്ന വാഹനം ആണ് ₹35900/- പ്രതിമാസ നിരക്കിൽ വാടകയ്ക്ക് എടുത്തിട്ടുള്ളത്. മേൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

വാഹന വാടക ഇനത്തിൽ താഴെ പറയുന്ന തുക 2024-25 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.30438656484 -SBI).

ക്രമ നം.	ട്രഷറി ബിൽ നം./ തിയതി	തുക ₹
1	58/22.2.2025	35900
2	59/5.3.2025	35900
	ആകെ	71800

. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 (സി) പ്രകാരം 30000 രൂപയ്ക്കു മേൽ നൽകുന്ന തുകകൾക്കോ, അല്ലെങ്കിൽ ഒരു സാമ്പത്തിക വർഷം ആകെ നൽകിയതുക ഒരു ലക്ഷം രൂപ കവിയുകയോ ചെയ്യുന്ന പക്ഷം മേൽ തുകകൾക്ക് TDS പിടിക്കേണ്ടതാണ്. എന്നാൽ മേൽ ബില്ലുകളിൽ നിന്നും ഇൻകം ടാക്സ് ഈടാക്കി കാണുന്നില്ല.

. 14-ാം പദ്ധതി സ.ഉ(കൈ)നം.115/2022/തസ്വഭവ തിയതി, 28.5.2022 സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക8.2(4) പ്രകാരം ലോഗ് ബുക്ക് സൂക്ഷിക്കണം എന്ന് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ടെങ്കിലും ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/17.9.2025ന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

. കരാർ പ്രവൃത്തികളിൽ കരാറുകാരന് തുക നൽകുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആദായ നികുതി ₹718 ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

. 14-ാം പദ്ധതി സ.ഉ(കൈ)നം.115/2022/തസ്വഭവ തിയതി,28.5.2022 സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക8.2(4) ൽ നിർദ്ദേശിക്കുന്ന പ്രകാരം ലോഗ്ബുക്ക് സൂക്ഷിക്കേണ്ടതാണ്.

തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-30-2 എ.ഇ.ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ -അധികം തുക നൽകി

പ്രൊജക്ട് നം. 131/25- അസിസ്റ്റന്റ് എഞ്ചിനീയർ കാര്യാലയത്തിന്റെ നടത്തിപ്പ് ചെലവ്

അടങ്കൽ - ₹250000-മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 1.4.2024 മുതൽ 31.12.2024 വരെയുള്ള കാലയളവിൽ വാഹനം വാടകയ്ക്ക് എടുക്കുകയും ട്രിപ്പ് ഷീറ്റ് വച്ച് തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഒരേ വ്യക്തിയുടെ വാഹനം തന്നെയാണ് എല്ലാ ദിവസവും വാടകയ്ക്ക് വിളിച്ചിരിക്കുന്നത്.

തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ട്രഷറി ബിൽ നം./ തിയതി	തുക ₹	കാലയളവ്
1	6/20.6.2024	47800	2.2.24 മുതൽ 6.6.24 വരെ
2	8/2.8.2024	20300	7.6.24 മുതൽ 20.7.2024വരെ
3	10/9.9.2024	17300	6.7.2024 മുതൽ 21.8.2024 വരെ
4	26/20.11.2024	22400	23.8.2024 മുതൽ 18.11.2024 വരെ
5	56/14.2.2025	14900	12.11.2024 മുതൽ 31.12.2024 വരെ
	ആകെ	122700	

ഫയൽ പരിശോധിച്ചതിൽ ഒരേ ട്രിപ്പ് ഷീറ്റ് ഉപയോഗിച്ച് ഒന്നിൽ കൂടുതൽ തവണ തുക നൽകിയതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ട്രഷറി ബിൽ നം. 6/20.6.2024 -₹47800

മേൽ ബിൽ പ്രകാരം തുക നൽകിയതിൽ ട്രിപ്പ് ഷീറ്റ് പ്രകാരം 6.6.2024 ന് 2pm മുതൽ 5pm വരെ KL-51C-801 എന്ന വാഹനം ഓടിയതിന് 800രൂപ പ്രദീപ്കുമാറിന് നൽകിയിട്ടുണ്ട്(വാഹനം എത്തിയ സമയം 5pm-7pm). പോയ സ്ഥലങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

വീണ്ടും ട്രിപ്പ് ഷീറ്റ് പ്രകാരം 6.6.2024 ന് 2pm മുതൽ 5pm വരെ KL-51C-801 എന്ന വാഹനം ഓടിയതിന് 1500രൂപ പ്രദീപ്കുമാറിന് നൽകിയിട്ടുണ്ട്(വാഹനം എത്തിയ സമയം 5pm-7.30pm). സന്ദർശിച്ച സ്ഥലങ്ങൾ-ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡുകൾ. ഒരേ വാഹനം ഒരേ സമയത്ത് രണ്ടു സ്ഥലങ്ങളിൽ പോയതിന്റെ ട്രിപ്പ് ഷീറ്റ് വച്ച് തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

2. ഒരേ ട്രിപ്പ് ഷീറ്റ് വച്ച് രണ്ട് ബില്ലുകളിൽ നിന്നും തുക അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ട്രഷറി ബിൽ നം.8/2.8.2024 -₹20300

വാഹന നം. KL-51C-801 തുക നൽകിയത് -പ്രദീപ് കുമാർ

തുക നൽകിയ ദിവസം	നൽകിയ തുക	റിമാർക്സ്
7.6.2024	700	
8.6.2024	2500	
9.6.2024	1500	
10.6.2024	2500	
11.6.2024	2000	
12.6.2024	500	

13.6.2025	3500	
15.6.2024	2500	
20.6.2024	500	
21.6.2024	700	
25.6.2024	500	
6.7.2024	700	10am To 2pm-അനങ്ങനടി ഗ്രാമപഞ്ചായത്ത് MLA മീറ്റിംഗ്
17.7.2024	700	1.30pm To 5pm-ഒറ്റപ്പാലം ബ്ലോക്ക്
20.7.2024	1500	
ആകെ	20300	

ട്രഷറി ബിൽ നം.10/9.9.2024 -₹17300

വാഹന നം. KL-51C-801 തുക നൽകിയത് -പ്രദീപ് കുമാർ

തുക നൽകിയ ദിവസം	നൽകിയ തുക	റിമാർക്സ്
6.7.2024	700	10am To 10.30am – അനങ്ങനടി ഗ്രാമപഞ്ചായത്ത്
17.7.2024	700	1.30pm To 5pm – ഒറ്റപ്പാലം ബ്ലോക്ക്
19.7.2024	700	
22.7.2024	1000	
23.7.2024	1500	
24.7.2024	1200	
25.7.2025	500	
26.7.2024	1000	
27.7.2024	700	
29.7.2024	2500	
2.8.2024	1000	
5.8.2024	1500	
8.8.2024	1500	
9.8.2024	1000	
12.8.2024	1000	
21.8.2024	800	
ആകെ	17300	

മേൽ രണ്ടു ടേബിളുകളിലായി തുക നൽകിയതിന്റെ വിവരങ്ങൾ പരിശോധിച്ചാൽ 6.7.204, 17.7.2024 എന്നീ ദിവസങ്ങളിലെ തുകകൾ രണ്ടു പ്രാവശ്യം രണ്ടു ബില്ലുകളിൽ നിന്നായി പിൻവലിച്ച് നൽകിയിട്ടുണ്ട് എന്ന് കാണാം. (700+700=1400 രൂപ)

3. ഒരേ ട്രിപ്പ് ഷീറ്റ് വച്ച് രണ്ട് ബില്ലുകളിൽ നിന്നും തുക അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ട്രഷറി ബിൽ നം.26/20.11.2024-₹22400

വാഹന നം. KL-51C-801 തുക നൽകിയത് -പ്രദീപ് കുമാർ

തുക നൽകിയ ദിവസം	നൽകിയ തുക	റിമാർക്സ്
23.8.2024	1000	
24.8.2024	1000	
26.8.2024	1500	

3.9.2024	2000	
4.9.2024	2000	
7.9.2024	2000	
27.9.2024	1500	
30.9.2024	700	
1.10.2024	700	
3.10.2024	700	
8.10.2024	800	
15.102024	1000	
25.10.2024	1000	
28.10.2024	1500	
31.10.2024	1500	
4.11.2024	1500	
12.11.2024	1500	10am To 2pm
18.11.2024	500	3pm To 4pm
ആകെ	22400	

ട്രഷറി ബിൽ നം.56/14.2.2025 -₹14900

വാഹന നം. KL-51C-801 തുക നൽകിയത് -പ്രദീപ് കുമാർ

തുക നൽകിയ ദിവസം	നൽകിയ തുക	റിമാർക്സ്
12.112024	1500	10am To 2pm
18.11.2024	500	3pm -------
22.11.2024	1200	
2.12.2024	1000	
3.12.2024	500	
4.12.2024	700	
5.12.2024	1000	
7.12.2024	1500	
18.12.2024	1000	
20.12.2024	2000	
23.12.2024	1500	
28.12.2024	1000	
31.12.2024	1500	
ആകെ	14900	

മേൽ രേഖപ്പെടുത്തിയിട്ടുള്ള രണ്ട് ടേബിളുകളിലെ വിവരങ്ങൾ പരിശോധിച്ചാൽ 12.11.2024, 18.11.2024 എന്നീ ദിവസങ്ങളിലെ തുകകൾ (1500+500=2000രൂപ) രണ്ടു പ്രാവശ്യം രണ്ടു ബില്ലുകളിൽ നിന്നായി പിൻവലിച്ച് നൽകിയിട്ടുണ്ട് എന്ന് കാണാം.

ആകെ അധികം നൽകിയ തുക ക്രമ നം(1) -₹1500+ക്രമ നം(2)₹1400+ ക്രമ നം(3)2000 =4900.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/17.9.2025ന് രണ്ടു പ്രാവശ്യം രണ്ടു ബില്ലുകളിൽ നിന്നായി തുക പിൻവലിച്ചത് മൂലം പഞ്ചായത്തിനും സർക്കാരിനും വന്ന ധനനഷ്ടം നികത്തുന്നതിനായി തുക തിരിച്ചടക്കുന്നതിനായി ഡ്രൈവർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും എത്രയും പെട്ടെന്ന് തുക തിരിച്ചടവാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2024 ഫെബ്രുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച് ഭരണ സമിതി തീരുമാനം, ഒരു മാസം അനുവദനീയമായ നിരക്ക്, കിലോമീറ്ററിന് എത്ര രൂപ നിരക്കിലാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്, ട്രിപ്പ് ഷീറ്റിൽ എത്ര ദൂരം സഞ്ചരിച്ചു, കിലോമീറ്റർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ തുക ₹4900 തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഭാഗം 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

1-30 എഇ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ-സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല

പ്രൊജക്ട് നം. 131/25- അസിസ്റ്റന്റ് എഞ്ചിനീയർ കാര്യാലയത്തിന്റെ നടത്തിപ്പ് ചെലവ്

അടങ്കൽ - ₹250000-മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

14-ാം പദ്ധതി സ.ഉ(കൈ)നം.115/2022/തസ്വഭവ തിയതി, 28.5.2022 സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 8.2(3) പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിന് സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്. ഖണ്ഡിക 8.2(4) പ്രകാരം വാഹനം വാടകയ്ക്കെടുക്കുന്ന അവസരത്തിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

അതിൻപ്രകാരം പ്രതിമാസം 2000 കിലോമീറ്റർ ഓടുന്നതിനുള്ള വാടക (ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പെടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷൻ ക്ഷണിക്കണം. പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36000 രൂപ വരെ വാടകയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്.

ലോഗ് ബുക്ക് സൂക്ഷിക്കണം.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 1.4.2024 മുതൽ 31.12.2024 വരെയുള്ള കാലയളവിൽ വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത് മേൽ നിബന്ധനകൾ പാലിക്കാതെയാണ്. വാഹനം വാടകയ്ക്ക് എടുക്കുകയും ട്രിപ്പ് ഷീറ്റ് വച്ച് തുക നൽകുകയുമാണ് ചെയ്തിരിക്കുന്നത്. ഒരേ വ്യക്തിയുടെ വാഹനം തന്നെയാണ് എല്ലാ ദിവസവും വാടകയ്ക്ക് വിളിച്ചിരിക്കുന്നത്.

തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ട്രഷറി ബിൽ നം./ തിയതി	തുക ₹	കാലയളവ്
1	6/20.6.2024	47800	2.2.24 മുതൽ 6.6.24 വരെ
2	8/2.8.2024	20300	7.6.24മുതൽ 20.7.2024വരെ
3	10/9.9.2024	17300	6.7.2024 മുതൽ 21.8.2024 വരെ
4	26/20.11.2024	22400	23.8.2024 മുതൽ 18.11.2024 വരെ
5	56/14.2.2025	14900	12.11.2024 മുതൽ 31.12.2024 വരെ
	ആകെ	122700	

മാർഗ്ഗരേഖയിൽ പരാമർശിച്ചതിന് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനം ദിവസവും വാടകയ്ക്ക് എടുത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/17.9.2025ന് ഓഫീസ് നോട്ടീസ് ബോർഡിൽ പരസ്യം ചെയ്തെങ്കിലും കിലോമീറ്ററിന് 18/- രൂപ നിരക്കിൽ 15000 രൂപ മാസം തോറും ലഭിക്കുന്ന രീതിയിൽ വാഹനം വാടകയ്ക്ക് നൽകാൻ ഡ്രൈവർമാർ തയ്യാറാകാത്തതിനാൽ ആവശ്യമുള്ള സാഹചര്യങ്ങളിൽ മാത്രം ലഭ്യമായ വാഹനം വാടകയ്ക്ക് എടുത്തത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ 14-ാം പദ്ധതി സ.ഉ(കൈ)നം.115/2022/തസ്വഭവ തിയതി,28.5.2022 സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 8.2(3) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 ജനകീയാസൂത്രണം-രജത ജൂബിലി കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ സിൽവർ ജൂബിലി വർഷത്തോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തിനോട് ചേർന്ന് ICDS റൂം, എക്കോ ഷോപ്പ്, ഹെൽപ് ഡെസ്ക്, ഫീഡിംഗ് റൂം, ടോയ്ലറ്റ് എന്നിവ താഴത്തെ നിലയിലും ഫസ്റ്റ് ഫ്ലോറിൽ കൗൺസിൽ ഹാളും കൂടി 2506 Sq.Ft വിസ്തൃതിയിൽ Plastering, Primer, Lift Duct, Tile, Sanitary Fittings And Finishing Works എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി RCC മേൽക്കൂരയോടു കൂടിയ രണ്ടു നില കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രൊജക്റ്റ് പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്. മേൽ പദ്ധതിക്കു വേണ്ടി താഴെ പറയുന്ന പ്രൊജക്റ്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് നം. 251/25-ജനകീയാസൂത്രണം-രജത ജൂബിലി കെട്ടിട നിർമ്മാണം

അടങ്കൽ - ₹5000000/- തനത് ഫണ്ട്

ചെലവ് - ₹541119/- (വൗച്ചർ നം.22400517/30.9.2024)

ചെക്ക് നം.371932/20.9.2024)

എഗ്രിമെന്റ് നം. 72/30.1.2024

കരാറുകാരൻ -ശ്രീ.അഭിലാഷ്

എം.ബുക്ക് നം. - 59940/2023

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ജനകീയാസൂത്രണം-രജത ജൂബിലി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ 30.1.2024ന് എഗ്രിമെന്റ് വെച്ച് കരാറുകാരന് 6.2.2024ന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ടി.എസ്. പ്രകാരം 10 മാസമാണ്. മേൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിട്ടില്ല. നം.AE/LSGD/VNKM/2024-25 തിയതി, 4.32025 കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കയച്ച കത്തിൽ ഇലക്ട്രിഫിക്കേഷൻ & ലിഫ്റ്റ് ഇൻസ്റ്റലേഷൻ പ്രവൃത്തിക്ക് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/19.9.2025ന് 2024-25 വാർഷിക പദ്ധതി പ്രകാരം രജത ജൂബിലി കെട്ടിട നിർമ്മാണം പ്രവൃത്തിയിൽ നിലവിൽ എസ്റ്റിമേറ്റ് പ്രകാരം പണി ഏകദേശം പൂർത്തീകരണ ഘട്ടത്തിലാണ്. കെട്ടിടത്തിന്റെ ടൈലിംഗ്, പെയിന്റിംഗ്, ഇന്റീരിയർ വർക്ക്, സാനിറ്ററി ഫിറ്റിംഗ്സ്, ഇലക്ട്രിഫിക്കേഷൻ, ലിഫ്റ്റ് എന്നിവ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

രജത ജൂബിലി കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

പ്രവൃത്തിയുടെ വിവരം - പ്രൊജക്റ്റ് നം. 262/25 – വാണിയംകുളം വൃന്ദാവൻ ശിവക്ഷേത്രം പാപ്പുള്ളി റോഡ് വാർഡ്-23

അടങ്കൽ - ₹613000 MG®

APAC- ₹348957

കരാറുകാരൻ - ശ്രീ.കെ.ഗംഗാധരൻ

എഗ്രിമെന്റ് നം. -44/24.2.2023

ചെലവ് -₹338062 (ബിൽ നം. 3/16.5.2024)

Letter Of Acceptance -21.1.2023

പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി -3.2.2023

എഗ്രിമെന്റ് വെച്ച തിയതി -24.2.2023

ഈടാക്കേണ്ടിയിരുന്ന പിഴ (1%) -₹3490

നിർവഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

തുക ഈടാക്കാത്തത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/19.9.2025ന് മറുപടി ലഭ്യമാക്കിയില്ല.

തുക ₹3490/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-33 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന്

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1. പ്രവൃത്തിയുടെ വിവരം :216/25-വാണിയംകുളം വനിത ക്ലസ്റ്റർ സെന്റർ നവീകരണം

അടങ്കൽ - ₹1200000 – MG®

PAC - ₹995201.70

APAC- ₹762701

കരാറുകാരൻ - ശ്രീ.രാമദാസൻ.എം.

എഗ്രിമെന്റ് നം.: 39/11.9.2023

അളവു പുസ്തകം - 78838/2022

ചെലവ് - ₹545287- (ട്രഷറി ബിൽ നം. 34/30.11.2024)

പൂർത്തീകരണ കാലാവധി - 6 മാസം

സൈറ്റ് കൈമാറിയ തിയതി -21.9.2023

പൂർത്തീകരിക്കേണ്ട തീയ്യതി -20.3.2024

പൂർത്തീകരിച്ച തീയ്യതി - 6.3.2025

ഈടാക്കേണ്ടത് (3%) - ₹29856

ഈടാക്കിയത് - ₹9452

ഈടാക്കാൻ ബാക്കിയുള്ളത് -₹20404

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. 20.3.2024ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് 10.6.2024 വരെ ഫൈനില്ലാതെയും 10.9.2024 വരെയും 10.12.2024 വരെയും 10.3.2025 വരെയും 1% ഫൈനോടു കൂടി കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കരാറുകാരന്റെ അപേക്ഷ ഇല്ല. സമയം നീട്ടി നൽകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ കാരണം രേഖപ്പെടുത്തിയിട്ടില്ല.

പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തിയിൽ കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സമയം നീട്ടി നൽകിയതെന്നും, ഫൈൻ പിടിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. പ്രവൃത്തിയുടെ വിവരം :254/25-വാണിയംകുളം വെള്ളാരംപാറ റോഡ് നവീകരണം-വാർഡ്-4

അടങ്കൽ - ₹575000 – MG®

PAC - ₹486563.86

APAC- ₹328163

കരാറുകാരൻ - ശ്രീ.എം.ബാലകൃഷ്ണൻ

എഗ്രിമെന്റ് നം.: 64/25.3.2023

അളവു പുസ്തകം - 14124/2022

ചെലവ് - ₹387228 (ട്രഷറി ബിൽ നം. 15/12.9.2024)

പൂർത്തീകരണ കാലാവധി - 8 മാസം

സൈറ്റ് കൈമാറിയ തിയതി -4.4.2023

പൂർത്തീകരിക്കേണ്ട തീയ്യതി -3.12.2023

പൂർത്തീകരിച്ച തീയ്യതി - 28.3.2024

ഈടാക്കേണ്ടത് (3%) - ₹14597

ഈടാക്കിയത് - 0

ഈടാക്കാൻ ബാക്കിയുള്ളത് -₹14597

തുക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സൈറ്റ് ഹാൻഡ് ഓവർ തിയതി 2.9.2023നാണ്. 6 മാസത്തെ കാലാവധിയാണ് ഈ പ്രവൃത്തിക്കുള്ളത്. 3.4.2024ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എഗ്രിമെന്റ് തിയതി 25.3.2023ഉം സൈറ്റ് കൈമാറിയ തിയതി 4.4.2023 ഉം ആണ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

3. പ്രവൃത്തിയുടെ വിവരം :262/25 – വാണിയംകുളം വൃന്ദാവൻ ശിവക്ഷേത്രം പാപ്പുള്ളി റോഡ് വാർഡ്-23

അടങ്കൽ - ₹613000 – MG®

PAC - ₹519286.92

APAC- ₹348957

കരാറുകാരൻ - ശ്രീ.കെ.ഗംഗാധരൻ

എഗ്രിമെന്റ് നം.: 44/24.2.2023

അളവു പുസ്തകം - 83949/2022

ചെലവ് - ₹338062 (ട്രഷറി ബിൽ നം. 3/16.5.2024)

പൂർത്തീകരണ കാലാവധി - 8 മാസം

സൈറ്റ് കൈമാറിയ തിയതി -6.3.2023

പൂർത്തീകരിക്കേണ്ട തീയ്യതി -5.11.2023

പൂർത്തീകരിച്ച തീയ്യതി - 25.3.2024
ഈടാക്കേണ്ടത് (3%) - ₹15579
ഈടാക്കിയത് - 0
ഈടാക്കാൻ ബാക്കിയുള്ളത് -₹15579
4. പ്രവൃത്തിയുടെ വിവരം :196/25-പനയൂർ കുന്നാത്ത്പടി മലന്തേൻകോവിൽ റോഡ് നവീകരണം
അടങ്കൽ - ₹400000 – MG®
PAC - ₹338439.74
APAC- ₹263645
കരാറുകാരൻ - ശ്രീ.ഗോപാലകൃഷ്ണൻ.വി.പി.
എഗ്രിമെന്റ് നം.: 58/23.3.2023
അളവു പുസ്തകം - 95131/2022
ചെലവ് - ₹178794 (ട്രഷറി ബിൽ നം. 5/29.5.2024)
പൂർത്തീകരണ കാലാവധി - 6 മാസം
സൈറ്റ് കൈമാറിയ തിയതി -2.4.2023
പൂർത്തീകരിക്കേണ്ട തീയ്യതി -1.10.2023
പൂർത്തീകരിച്ച തീയ്യതി - 13.3.2024
ഈടാക്കേണ്ടത് (3%) - ₹10153
ഈടാക്കിയത് - 0
ഈടാക്കാൻ ബാക്കിയുള്ളത് -₹10153
പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. 1.10.2023ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് 1.1..2024 വരെയും 31.3.2024വരെയും ഫൈനില്ലാതെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കരാറുകാരന്റെ അപേക്ഷ ഇല്ല. സമയം നീട്ടി നൽകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ കാരണം രേഖപ്പെടുത്തിയിട്ടില്ല.
5. പ്രവൃത്തിയുടെ വിവരം :219/25-പ്ലാസ ചാരിറ്റി മഠം കണക്ഷൻ റോഡ് വാർഡ് -17
അടങ്കൽ - ₹1300000 – MG®
PAC - ₹1101463.43
APAC- ₹968171
കരാറുകാരൻ - ശ്രീ.ബാലകൃഷ്ണൻ.എം.
എഗ്രിമെന്റ് നം.: 9/26.7.2023
അളവു പുസ്തകം - 24600/2023
ചെലവ് - ₹1124765 (ട്രഷറി ബിൽ നം. 19/12.9.2024)
പൂർത്തീകരണ കാലാവധി - 3മാസം
സൈറ്റ് കൈമാറിയ തിയതി -5.8.2023
പൂർത്തീകരിക്കേണ്ട തീയ്യതി -4.11.2023
പൂർത്തീകരിച്ച തീയ്യതി - 26.3.2024
ഈടാക്കേണ്ടത് (3%) - ₹33044
ഈടാക്കിയത് - 0
ഈടാക്കാൻ ബാക്കിയുള്ളത് -₹33044
കരാറുകാരന്റെ അപേക്ഷ ഇല്ല. നിർവഹണ ഉദ്യോഗസ്ഥൻ സമയം നീട്ടി നൽകിയിട്ടില്ല.
6. പ്രവൃത്തിയുടെ വിവരം :192/25-കൂമ്പാങ്ങിൽ കോളനി റോഡ് വാർഡ്-11
അടങ്കൽ - ₹1000000 – Plan(SCP)
PAC - ₹847406.58
APAC- ₹616063

കരാറുകാരൻ - ശ്രീ.ബാലകൃഷ്ണൻ.എം.
എഗ്രിമെന്റ് നം.: 33/1.2.2023
അളവു പുസ്തകം - 95974/2022
ചെലവ് - ₹584740 (ട്രഷറി ബിൽ നം. 30/30.11.2024)
₹44630 (2023-24)
പൂർത്തീകരണ കാലാവധി - 8മാസം
സൈറ്റ് കൈമാറിയ തിയതി -11.2.2023
പൂർത്തീകരിക്കേണ്ട തീയ്യതി -10.10.2023
പൂർത്തീകരിച്ച തീയ്യതി - 30.3.2024
ഈടാക്കേണ്ടത് (3%) - ₹25422
ഈടാക്കിയത് - 0
ഈടാക്കാൻ ബാക്കിയുള്ളത് -₹25422

7. പ്രവൃത്തിയുടെ വിവരം : 193/25-വാണിയംകുളം വൃന്ദാവൻ ശിവക്ഷേത്രം പാപ്പുള്ളി റോഡ് നവീകരണം
അടങ്കൽ - ₹2000000 – MG(R)
PAC - ₹1694636.50
APAC- ₹1455654
കരാറുകാരൻ - ശ്രീ.ബാലകൃഷ്ണൻ.എം.
എഗ്രിമെന്റ് നം.: 23/26.8.2023
അളവു പുസ്തകം - 44492/2023
ചെലവ് - ₹1717699 (ട്രഷറി ബിൽ നം. 57/20.2.2025)
പൂർത്തീകരണ കാലാവധി - 6മാസം
സൈറ്റ് കൈമാറിയ തിയതി -5.9.2023
പൂർത്തീകരിക്കേണ്ട തീയ്യതി - 4.3.2024
പൂർത്തീകരിച്ച തീയ്യതി - 25.9.2024
ഈടാക്കേണ്ടത് (3%) - ₹50839
ഈടാക്കിയത് - 0
ഈടാക്കാൻ ബാക്കിയുള്ളത് -₹50839

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. 4.3.2024ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് 333.6.2024 വരെയും 2.9.2024വരെയും 1.10.2024 വരെയും ഫൈനില്ലാതെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കരാറുകാരന്റെ അപേക്ഷ ഇല്ല.

തുക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/19.9.2025ന് ക്രമ നം. (1), (2) എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറ്റുള്ളവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ₹170038 (₹20404+₹14597+₹15579+₹10153+₹33044+₹25422+₹50839) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

